# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## പാവറട്ടി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

## 2022-2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം

തൃശ്ശൂർ - 680020

ഇ-മെയിൽ: dotsr.ksad@kerala.gov.in

ഫോൺ : 0487-2331249

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി13)1938/2023

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680020
തീയ്യതി: 22/12/2023
ഇ-മെയിൽ: dotsr.ksad@kerala.gov.in
ഫോൺ: 0487-2331249

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
പാവറട്ടി ഗ്രാമപഞ്ചായത്ത്

സർ,

**വിഷയം : പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.**

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ.ടി.എസ്.ആർ.(പി13)1938/2023 തീയ്യതി: 22/12/2023

## തൃശ്ശൂർ ജില്ലയിലെ പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(**1994** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് **13** , **1996** ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം **18, (1994** ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് **215(4))** എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ 2022-2023 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 14-10-2022 മുതൽ 17-11-2023 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01-04-2022 മുതൽ 31-03-2023 വരെ വിവിധ അക്കൗണ്ടുകളിൽ നിന്നും നടത്തിയിട്ടുള്ള പണം പിൻവലിക്കൽ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 23 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 9 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

## (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

**ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:**

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സാബു.പി.എസ് | ഡെപ്യൂട്ടി ഡയറക്ടർ | 18-11-2023 | 25-11-2023 |

**ഓഡിറ്റിന് വിനിയോഗിച്ച സമയം :**

| തീയതി (മുതൽ) | തീയതി (വരെ) |
|---|---|
| 18-11-2023 | 25-11-2023 |

**ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:**

ശ്രീ. അഗസ്റ്റിൻ.എം.എൽ., ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.)

ശ്രീ. സുനിൽ.പി.ബി., അസിസ്റ്റന്റ് ഓഡിറ്റ് ഓഫീസർ

ശ്രീമതി സുമ.വി.കെ., സീനിയർ ഗ്രേഡ് ഓഡിറ്റർ

ശ്രീ. സ്വാലിഹ്.സി.പി., ഓഡിറ്റർ

## (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| സിന്ധു അനിൽകുമാർ | പ്രസിഡന്റ് | 01-04-2022 | 31-03-2023 |

| | | | |
|---|---|---|---|
| പി.എസ്.ഫ്രാൻസിസ് | സെക്രട്ടറി | 01-04-2022 | 10-07-2022 |
| ഡെയ്സി എബ്രഹാം | സെക്രട്ടറി-ഇൻ-ചാർജ്ജ് | 11-07-2022 | 25-07-2022 |
| പി.എസ്.ഫ്രാൻസിസ് | സെക്രട്ടറി | 26-07-2022 | 01-10-2022 |
| അനൂപ്.എം.എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 02-10-2022 | 05-10-2022 |
| ജോൺ ജോൺ പാറയ്ക്ക | സെക്രട്ടറി | 06-10-2022 | 09-10-2022 |
| അനൂപ്.എം.എ | സെക്രട്ടറി-ഇൻ-ചാർജ്ജ് | 10-10-2022 | 20-10-2022 |
| ജോൺ ജോൺ പാറയ്ക്ക | സെക്രട്ടറി | 21-10-2022 | 27-11-2022 |
| ഷിപുദാസ്.കെ | സെക്രട്ടറി | 28-11-2022 | 31-03-2023 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി (മുതൽ) | തീയതി (വരെ) |
|---|---|---|---|
| റിജോമോൾ.ഒ.ജെ. | അസിസ്റ്റന്റ് എഞ്ചിനീയർ | 01-04-2022 | 31-03-2023 |
| മീര മോഹൻ | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 01-04-2022 | 18-01-2023 |
| രശ്മി.പി.ആർ. | ഐ.സി.ഡി.എസ്. സൂപ്പർവൈസർ | 19-01-2023 | 31-03-2023 |
| ഫിലോമിന.എൻ.ഒ. | ഹെഡ്മിസ്ട്രസ്സ് | 01-04-2022 | 31-03-2023 |
| ജിബിന.എം.എം. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2022 | 05-07-2023 |
| ടോണി.എം.എം. | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 06-07-2022 | 31-03-2023 |
| മോനിഷ.എം.എം. | ഡയറി ഫാം ഇൻസ്ട്രക്ടർ | 01-04-2022 | 19-01-2023 |
| പി.ജി.ഗിനിഗ | ഡയറി ഫാം ഇൻസ്ട്രക്ടർ | 20-01-2023 | 31-03-2023 |
| രാഖി.എം.ആർ. | വി.ഇ.ഒ ഗ്രേഡ് I | 01-04-2022 | 15-09-2022 |
| ബൈജു വിൻസെന്റ് | വി.ഇ.ഒ ഗ്രേഡ് I (ഫുൾ അഡീഷണൽ ചാർജ്) | 16-09-2022 | 31-12-2022 |
| ഒഴിവ് | ഒഴിവ് | 01-01-2023 | 27-01-2023 |
| അനശ്രീ.സി.എസ്. | വി.ഇ.ഒ.ഗ്രേഡ് II | 28-01-2023 | 31-03-2023 |
| സോഫിയ.സി.ടി. | വി.ഇ.ഒ.ഗ്രേഡ് I | 01-04-2022 | 20-05-2022 |
| രാഖി.എം.ആർ. | വി.ഇ.ഒ ഗ്രേഡ് I | 21-05-2022 | 15-09-2022 |
| ബൈജു വിൻസെന്റ് | വി.ഇ.ഒ ഗ്രേഡ് I (ഫുൾ അഡീഷണൽ ചാർജ്) | 16-09-2022 | 07-11-2022 |
| പ്രകാശ്.ടി. | വി.ഇ.ഒ ഗ്രേഡ് I | 08-11-2022 | 31-03-2023 |
| റിയ ജോസഫ് | കൃഷി ഓഫീസർ | 01-04-2022 | 29-08-2022 |
| സ്മിത ഫ്രാൻസിസ് | കൃഷി ഓഫീസർ | 30-08-2022 | 06-10-2022 |
| പ്രശാന്ത് അരവിന്ദകുമാർ | കൃഷി ഓഫീസർ | 07-10-2022 | 31-03-2023 |
| മരിയ ടോം | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 01-04-2022 | 09-11-2022 |
| അശ്വതി.ടി.എ. | മെഡിക്കൽ ഓഫീസർ (പി.എച്ച്.സി.) | 10-11-2022 | 31-03-2023 |
| കെ.എസ്.അജിത് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2022 | 15-06-2022 |

| | | | |
|---|---|---|---|
| ജിസ റോസ് | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 16-06-2022 | 31-03-2023 |
| ഡെയ്സി എബ്രഹാം | അസിസ്റ്റന്റ് സെക്രട്ടറി | 01-04-2022 | 23-08-2022 |
| അനൂപ്.എം.എ. | അസിസ്റ്റന്റ് സെക്രട്ടറി ഇൻ ചാർജ്ജ് | 24-08-2022 | 21-10-2022 |
| ഒഴിവ് | അസിസ്റ്റന്റ് സെക്രട്ടറി | 22-10-2022 | 31-10-2022 |
| മേരി ഡീന.വി.വി. | അസിസ്റ്റന്റ് സെക്രട്ടറി | 01-11-2022 | 31-03-2023 |
| ടി.ജി.വിനോദ്കുമാർ | വെറ്ററിനറി സർജൻ | 01-04-2022 | 09-02-2023 |
| അനീഷ് കുമാർ.എസ്.ബി. | വെറ്ററിനറി സർജൻ | 10-02-2023 | 31-03-2023 |

## ഉള്ളടക്കം


| ക്രമ നം | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | 1-1 |
| 2 | ട്രയൽ ബാലൻസ് പ്രകാരമുള്ള ആസ്തി നീക്കിയിരിപ്പ് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുന്നില്ല. | 1-1-1 |
| 3 | വാർഷിക കണക്കുകളിലെ അസാധാരണ നീക്കിയിരിപ്പ് | 1-1-2 |
| 4 | തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല | 1-1-3 |
| 5 | Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി | 1-1-4 |
| 6 | പ്രൊവിഷൻ എൻട്രി രേഖപെടുത്തിയതിലെ അപാകം - ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരുമാനത്തിൽ സാങ്കല്പിക വർദ്ധനവിനു കാരണമായി. | 1-1-5 |
| 7 | Excess Of Income Over Expenditure - ബാലൻസ് ഷീറ്റിലേക്ക് തെറ്റായ തുക ഉൾപ്പെടുത്തി | 1-1-6 |
| 8 | ഡിപ്രിസിയേഷൻ രേഖപെടുത്തിയതിലെ അപാകങ്ങൾ | 1-1-7 |
| 9 | B-4 ഷെഡ്യൂളിലെ ബാലൻസും B-17 ലെ ബാലൻസും പൊരുത്തപ്പെടുന്നില്ല | 1-1-8 |
| 10 | ക്യാഷ് മുഖേന വരവ് വന്ന മുഴുവൻ തുകയും റെസിപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ രേഖപ്പെടുത്തൽ വന്നില്ല | 1-1-9 |
| 11 | കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല | 1-1-10 |
| 12 | അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല | 1-1-11 |
| 13 | അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല | 1-1-12 |
| 14 | “190000000-Prior Period Income”, “290000000- Prior Period Expenses”- അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല | 1-1-13 |
| 15 | ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല | 1-1-14 |
| 16 | വസ്തു നികുതി -വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല | 1-1-15 |
| 17 | രജിസ്റ്ററുകളിലെ രേഖപെടുത്തലുകൾ വാർഷിക കണക്കുമായി പൊരുത്തപ്പെടുന്നില്ല | 1-1-16 |
| 18 | വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല | 1-1-17 |
| 19 | ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല | 1-1-18 |
| 20 | രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല | 1-1-19 |
| 21 | ശീർഷകങ്ങളുടെ ആധികാരികത വ്യക്തമാക്കിയിട്ടില്ല | 1-1-20 |
| 22 | ബജറ്റ് | 1-2 |
| 23 | ഫണ്ട് വിനിയോഗം | 1-3 |
| 24 | പദ്ധതി അവലോകനം | 1-4 |
| 25 | തൊഴിലുറപ്പ് പദ്ധതി | 1-5 |
| 26 | ക്ഷേമപെൻഷനുകൾ | 1-6 |
| 27 | ക്യാഷ് ബാലൻസ് പരിശോധന | 1-7 |
| 28 | ആഭ്യന്തര നിയന്ത്രണം | 1-8 |
| 29 | ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരവുകൾ -അവലോകനം | 1-9 |
| 30 | രസീതുകളും അക്കൗണ്ടും - അപാകങ്ങൾ | 1-10 |
| 31 | പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തി നികുതി ചോർച്ച ഒഴിവാക്കേണ്ടതാണ് | 1-11 |
| 32 | ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് - അപാകങ്ങൾ | 1-12 |
| 33 | മൊബൈൽ ടവർ വസ്തു നികുതി-തറവിസ്തീർണം കൃത്യമാണോ എന്ന് വ്യക്തമല്ല | 1-13 |

| | | |
|---|---|---|
| 34 | സർക്കാർ ഉത്തരവു പ്രകാരമുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല | 1-14 |
| 35 | ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങളെ റിസോർട്ട് ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നു-പഞ്ചായത്തിന് ഭീമമായ വരവ് നഷ്ടം | 1-15 |
| 36 | സർക്കാർ ഉത്തരവിന് വിരുദ്ധമായി തൊഴിലാളികൾക്ക് വേതനം നൽകുന്നു | 1-16 |
| 37 | തൊഴിൽ നികുതി പൂർണമായും ഈടാക്കിയില്ല | 1-17 |
| 38 | തൊഴിൽ നികുതി - മറ്റു അപാകതകൾ | 1-18 |
| 39 | റേഷൻ കടകൾ, മാവേലി സ്റ്റോറുകൾ, കള്ളു ഷാപ്പുകൾ എന്നിവ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു | 1-19 |
| 40 | ഫാം ലൈസൻസ് എടുത്തിട്ടില്ല | 1-20 |
| 41 | മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികൾ - കരാറുകാർക്ക് സിമന്റിനും ക്വാറി മക്കിനും മാർക്കറ്റ് വിലയേക്കാൾ അധിക തുക അനുവദിച്ചു | 1-21 |
| 42 | മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സാധന സമഗ്രികളുടെ വിതരണകരാർ അപാകതകൾ | 1-22 |
| 43 | പുതിയ പഞ്ചായത്ത് ഓഫിസ് കെട്ടിടം ഇന്റീരിയർ ഒന്നാം ഘട്ടം ചെക്ക് മെഷർ ചെയ്യതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കേണ്ടതാണ് | 1-23 |
| 44 | ടി.ഡി.എസ് ഈടാക്കിയ വിവരം അറിയിക്കേണ്ടതാണ് | 1-24 |
| 45 | മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനം വരവു ചെലവു പത്രിക ലഭ്യമാക്കേണ്ടതാണ് | 1-25 |
| 46 | മരുന്നു നാളിതുവരെ വിതരണം ചെയ്തിട്ടില്ല | 1-26 |
| 47 | കോക്ലിയർ ഇംപ്ലാന്റ് മെയിന്റനൻസ് -വിനിയോഗവിവരം ലഭ്യമാക്കേണ്ടതാണ് | 1-27 |
| 48 | കമ്പ്യൂട്ടറുകളുടെ വാർഷിക മെയിന്റനൻസ് കോൺട്രാക്ട്-ഇൻസ്പെക്ഷൻ റിപ്പോർട്ട് സമർക്കേണ്ടതാണ്- | 1-28 |
| 49 | പ്രത്യേകകന്നുകുട്ടി പരിപാലന പദ്ധതി - വിനിയോഗവിവരം ലഭ്യമാക്കിയിട്ടില്ല | 1-29 |
| 50 | അനർഹമായി സാമൂഹ്യ സുരക്ഷാ പെൻഷനുകൾ കൈപ്പറ്റിയവരിൽ നിന്നും തുക തിരികെ ഈടാക്കിയ വിവരം അറിയിക്കേണ്ടതാണ് | 1-30 |
| 51 | റോഡ് കണക്ടിവിറ്റി മാപ്പ് തയ്യാറാക്കൽ– പൂർത്തീയാക്കിയിട്ടില്ല | 1-31 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |
| 1 | സംയുക്തപ്രോജക്ടുകൾക്കു തൻവർഷം ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 2 | ഡെപ്പോസിറ്റ് വർക്കിനു തൻവർഷം നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 4 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4-5 |
| 6 | ഓഡിറ്റ് റിക്കവറി | 4-6 |
| 7 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം | 4-7 |
| 8 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 9 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 10 | തീർപ്പാക്കാനവശേഷിക്കുന്ന ഖണ്ഡികകൾ | 4-10 |
| | അനുബന്ധം | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |
| 3 | വാർഷികകണക്കുകളുടെ സംക്ഷിപ്തം | |

## ഭാഗം -1

## പൊതു അവലോകനം

### 1-1 ഓഡിറ്റ് സർട്ടിഫിക്കറ്റ്

1. കേരള പഞ്ചായത്ത് രാജ് ആക്ട് 1994ലെ സെക്ഷൻ 215(4) പ്രകാരം, കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങൾ 2011, KSAD ഓഡിറ്റ് മാന്വൽ ചാപ്റ്റർ 4.2.1 & 11.3, സംസ്ഥാന ഗവൺമെന്റ്/ കേന്ദ്ര ഗവൺമെന്റ്, ധനകാര്യ കമ്മീഷൻ, മറ്റ് ഫണ്ടിംഗ് ഏജൻസികൾ എന്നിവർ കാലാകാലങ്ങളിൽ പുറപ്പെടുവിക്കുന്ന മാർഗ്ഗനിർദ്ദേശങ്ങളും പാലിക്കൽ നിർദ്ദേശങ്ങളും അനുസരിച്ച് പാവറട്ടി ഗ്രാമപഞ്ചായത്ത് കമ്മിറ്റിയുടെ 29.07.2023 ലെ 1/1 നമ്പർ തീരുമാനം പ്രകാരം തയ്യാറാക്കി 31.7.2023 തീയതിയിൽ, പിന്തുണക്കുന്ന ഫോമുകൾക്കൊപ്പം സമർപ്പിക്കപ്പെട്ടിട്ടുള്ള പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ മാർച്ച്, 2023 ൽ അവസാനിച്ച വർഷത്തിലെ റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ്, ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് എന്നിവയും 31.03.2023 തീയതിവരെയുള്ള ബാലൻസ് ഷീറ്റും ഉൾപ്പെടുന്ന സാമ്പത്തിക പ്രസ്താവനകൾ ഞാൻ ഓഡിറ്റ് ചെയ്തിട്ടുണ്ട്. ഈ അക്കൗണ്ടുകൾ തയ്യാറാക്കുന്നത് പഞ്ചായത്ത് രാജ് സ്ഥാപനത്തിന്റെ മാനേജ്മെന്റിന്റെ ഉത്തരവാദിത്തമാണ്. ഫിനാൻഷ്യൽ ഓഡിറ്റിനെ അടിസ്ഥാനമാക്കി ഈ അക്കൗണ്ടുകളെ കുറിച്ച് അഭിപ്രായം പ്രകടിപ്പിക്കുക എന്നതാണ് എന്റെ ഉത്തരവാദിത്തം.

2. C&AG ഓഫ് ഇന്ത്യ പുറപ്പെടുവിച്ച ഓഡിറ്റിംഗ് മാനദണ്ഡങ്ങളും C&AG നൽകിയിട്ടുള്ള പഞ്ചായത്ത് രാജ് സ്ഥാപനങ്ങളുടെ ഫിനാൻഷ്യൽ ഓഡിറ്റിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്കും അനുസരിച്ചാണ് ഞാൻ എന്റെ ഫിനാൻഷ്യൽ ഓഡിറ്റ് നടത്തിയിട്ടുള്ളത്. സാമ്പത്തിക പ്രസ്താവനകൾ വസ്തുതാപരമായ തെറ്റിദ്ധാരണകളിൽ നിന്ന് മുക്തമാണോ എന്ന് ന്യായമായ ഉറപ്പ് ലഭിക്കുന്നതിന് ഞാൻ ഓഡിറ്റ് ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതുണ്ട് എന്ന് ഈ മാനദണ്ഡങ്ങൾ/മാർഗ്ഗനിർദ്ദേശങ്ങൾ ആവശ്യപ്പെടുന്നു. സാമ്പത്തിക പ്രസ്താവനകളിലെ തുകകളും വെളിപ്പെടുത്തലുകളും പിന്തുണയ്ക്കുന്ന തെളിവുകൾ പരിശോധിക്കുന്നത് ഓഡിറ്റിൽ ഉൾപ്പെടുന്നു. ഉപയോഗിച്ച അക്കൗണ്ടിംഗ് തത്വങ്ങളും ഉണ്ടാക്കിയ സുപ്രധാനമായ എസ്റ്റിമേറ്റുകളും വിലയിരുത്തുന്നതും അക്കൗണ്ടുകളുടെ മൊത്തത്തിലുള്ള അവതരണം വിലയിരുത്തുന്നതും ഓഡിറ്റിൽ ഉൾപ്പെടുന്നു. എന്റെ അഭിപ്രായത്തിന് ന്യായമായ അടിസ്ഥാനം എന്റെ ഓഡിറ്റ് നൽകുമെന്ന് ഞാൻ വിശ്വസിക്കുന്നു.

3. എനിക്ക് ആവശ്യമായതും ലഭിച്ചതുമായ വിവരങ്ങളുടെയും വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അക്കൗണ്ടുകളുടെ ഫിനാൻഷ്യൽ ഓഡിറ്റിന്റെ ഫലമായി എനിക്ക് ലഭിച്ച ഏറ്റവും മികച്ച വിവരങ്ങളും നൽകിയ വിശദീകരണങ്ങളുടെയും അടിസ്ഥാനത്തിലും, അനുബന്ധ റിപ്പോർട്ടിലെ എന്റെ നിരീക്ഷണങ്ങൾക്ക് വിധേയമായി ഞാൻ ഇപ്രകാരം സാക്ഷ്യപ്പെടുത്തുന്നു.

**വിശേഷണങ്ങളോടു കൂടിയ അഭിപ്രായം**

അനുബന്ധ റിപ്പോർട്ടിലെ യോഗ്യമായ അഭിപ്രായത്തിന്റെ അടിസ്ഥാനത്തിൽ വിവരിച്ചിരിക്കുന്ന കാര്യങ്ങൾ ഒഴികെ, അതിലെ മറ്റ് നിരീക്ഷണങ്ങൾക്ക് വിധേയമായി, പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ 2022-23 വർഷത്തേക്കുള്ള വാർഷിക സാമ്പത്തിക പ്രസ്താവനകൾ സാമ്പത്തിക ഫലത്തേക്കുറിച്ചും സാമ്പത്തിക നിലയെക്കുറിച്ചും സത്യസന്ധവും ന്യായവുമായ ചിത്രം നൽകുന്നു.

**സ്ഥലം : തൃശ്ശൂർ**

**തീയതി : 22.12.2023**

**ഡെപ്യൂട്ടി ഡയറക്ടർ**
**ജില്ലാ ഓഡിറ്റ് കാര്യാലയം, തൃശ്ശൂർ**

### 1-1-1 ട്രയൽ ബാലൻസ് പ്രകാരമുള്ള ആസ്തി നീക്കിയിരിപ്പ് ബാലൻസ് ഷീറ്റിൽ ഉൾപ്പെടുന്നില്ല.

2022-23 ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകളും 2022-23 വർഷത്തെ ട്രയൽ ബാലൻസ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകളും തമ്മിലുള്ള വ്യത്യാസം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ശീർഷകം | 2022-23 ബാലൻസ് ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് | | 2022-23 വർഷത്തെ ട്രയൽ ബാലൻസ് പ്രകാരമുള്ള നീക്കിയിരിപ്പ് | | വ്യത്യാസം | |
|---|---|---|---|---|---|---|---|
| | | Dr | Cr | Dr | Cr | Dr | Cr |
| 1 | 431910201 Outdoor Collection Control Account | - | - | - | 3500 | - | 3500 |

വ്യത്യാസമുള്ള മേൽ പരാമർശിച്ച തുക 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലേക്ക് ക്രമീകരിക്കുകയാണ് ചെയ്തിട്ടുള്ളത്.

(ഓഡിറ്റ് എൻക്വയറി നമ്പർ 5/24.11.2023)

### 1-1-2 വാർഷിക കണക്കുകളിലെ അസാധാരണ നീക്കിയിരിപ്പ്

വാർഷിക കണക്ക് I-10 പ്രകാരം 210100104 Salaries - Full Time Contingent Staff എന്ന ശീർഷകത്തിലെ 31.3.2023 ലെ നീക്കിയിരുപ്പ് (-)1557 രൂപയാണ്. 210100104 എന്ന ശീർഷകത്തിലേക്ക് നേരിട്ട് റെസിപ്റ്റ് ചെയ്തതിനാലാണ് ഇപ്രകാരം സംഭവിച്ചതെന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഭാവിയിൽ ഇത്തരം അപാകത വരാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 5/24.11.2023)

### 1-1-3 തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല

CFC Untied Basic Grant, CFC Tied Grant, എന്നീ ഫണ്ടുകളിൽ നിന്നും താഴെ കൊടുത്തിരിക്കുന്ന പ്രവർത്തികൾക്കായി ചിലവഴിച്ച തുകകൾ തുക ചെലവ് ചെയ്ത ഉദ്ദേശ്യം പ്രതിഫലിക്കുന്ന ശീർഷകത്തിൽ ചെലവ് ബുക്ക് ചെയ്തില്ല.ഇത്തരത്തിൽ മൂലധന ചെലവുകൾക്ക് ഉപയോഗിച്ച തുക സ്ഥാപനത്തിന്റെ റവന്യൂ ചെലവായി രേഖപെടുത്തുന്നത് Income And Expenditure Account പ്രകാരമുള്ള പ്രവർത്തനഫലം, ബാലൻസ് ഷീറ്റ് പ്രകാരമുള്ള സാമ്പത്തികനില എന്നിവയെ ബാധിക്കുന്നു.

| ക്രമ നമ്പർ | പ്രോജക്ട് നമ്പർ, പേര് | വൗച്ചർ നമ്പർ/ തീയതി | തുക | ചെലവ് ബുക്ക് ചെയ്ത ശീർഷകം | ബുക്ക് ചെയ്യേണ്ടിയിരുന്ന ശീർഷകം | ഫണ്ടിനം |
|---|---|---|---|---|---|---|
| 1 | 186/23 Drainage Construction In Puthumanassery Chakkakandam Road | 4220087/3 30.3.2023 | 12107 | 252110005 Roads-Drainage Renovation | ഉചിതമായ ആസ്തി ശീർഷകം | Development Fund - Central Finance Commission Grant - Basic Grant |
| 2 | 72/23 Drainage Construction In Puthumanassery | 42200622/ 31.12.2022 | 747742 | 252110005 Roads-Drainage Renovation | ഉചിതമായ ആസ്തി ശീർഷകം | Development Fund - Central Finance |

| | | | | | | |
|---|---|---|---|---|---|---|
| | Chakkakandam Road | | | | | |
| 3 | 227/23 CONSTRUCTION OF RING BUNDS IN WARDS | 42200890/ 30.3.2023 | 147007 | 252130001 Bunds-Bund Renovation | ഉചിതമായ ആസ്തി ശീർഷകം | Commission Grant – Tied Fund |
| 4 | 181/23 Water Purifiers For PHC Krishibhavan Ayurvedam | 42201114/ 31.3.2023 | 45000 | 251120106 Public Drinking Water Programmes-Improve Quality | ഉചിതമായ ആസ്തി ശീർഷകം | |
| 5 | 236/23 Installation Of Filteration In Marathayoor SC Settlement Colony Drinking Water Project | 42200903/ 31.3.2023 | 240000 | 251120106 Public Drinking Water Programmes-Improve Quality | ഉചിതമായ ആസ്തി ശീർഷകം | |
| 6 | 238/23 Installation Of Filteration In Marathayoor Lakshamveed Colony Drinking Water Project | 42200902/ 31.3.2023 | 240000 | 251120106 Public Drinking Water Programmes-Improve Quality | ഉചിതമായ ആസ്തി ശീർഷകം | |
| 7 | 235/23 Installation Of Motor In Punchiri Nagar Drinking Water Project | 42200905/ 31.3.2023 | 42600 | 251120104 Public Drinking Water Programmes-Maintenance Of Public Drinking Water Projects | ഉചിതമായ ആസ്തി ശീർഷകം | |

ഇത്തരത്തിൽ തെറ്റായി ബുക്ക് ചെയ്ത ചെലവ് തുകകൾ 2023-24 സാമ്പത്തിക വർഷത്തിൽ "Prior Period Expenditure" എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യുകയും ഉചിതമായ ആസ്തി ശീർഷകത്തിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. കൂടാതെ മേൽ പരാമർശിച്ച മൂലധന ചെലവുകൾക്ക് ഉപയോഗിച്ച ഗ്രാന്റ് തുകകൾക്ക് തത്തുല്യമായ തുക "Prior Period Income " എന്ന ഷെഡ്യൂളിലെ ഉചിതമായ ശീർഷകത്തിൽ ഡെബിറ്റ് ചെയ്യുകയും ഉചിതമായ "Capital Contribution" ശീർഷകത്തിൽ ക്രെഡിറ്റ് ചെയ്യേണ്ടതുമാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 5/24.11.2023)

## 1-1-4 Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus)കണക്കാക്കുന്ന ഫോർമുല

**ശരിയല്ലാത്തതിനാൽ തെറ്റായ തുക കണക്കാക്കി**

Income And Expenditure Account പ്രകാരം മിച്ചതുക (Net Surplus) കണക്കാക്കേണ്ടിയിരുന്നതിന്റെ വിവരങ്ങൾ.

| | | |
|---|---|---|
| പഞ്ചായത്തിന്റെ ആകെ വരുമാനം (A) | | 10,13,83,159 |
| ആകെ ചെലവ് (B) | | 10,90,98,012 |
| മിച്ചം തുക C= A-B | | (-)77,14,853 |
| Prior Period Income (I-19) | 49,196 | |
| Prior Period Expenditure (I-18) | 38,822 | |
| Net Difference Between Prior Period Income And Expenses ( D ) | | 10,374 |
| Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | | (-)77,04,479 |

എന്നാൽ ഫോർമുല പ്രകാരം (E) =C-D എന്ന് ചേർത്തിട്ടുള്ളതിനാൽ E എന്നത് (-)77,14,853 നിന്ന് 10,374 കുറച്ചപ്പോൾ ലഭിച്ച (-)77,25,227 രൂപയാണ് Income And Expenditure Account ൽ മിച്ച തുകയായി ചേർത്തിട്ടുള്ളത്.

*(കുറിപ്പ്- Income And Expenditure Account ൽ Expenditure ശീർഷകത്തിൽ തൻ വർഷ ചെലവുകളോടൊപ്പം 190000000- Prior Period Income എന്ന ശീർഷകത്തിൽ 49,196 രൂപ ചേർത്തിട്ടുണ്ട്. എന്നാൽ ആയത് ആകെ ചെലവ് തുകയിൽ കണക്കാക്കിയിട്ടില്ല)

(ഓഡിറ്റ് എൻക്വയറി നമ്പർ 5/24.11.2023)

**1-1-5 പ്രൊവിഷൻ എൻട്രി രേഖപെടുത്തിയതിലെ അപാകം - ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരുമാനത്തിൽ സാങ്കല്പിക വർദ്ധനവിനു കാരണമായി.**

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-10 പ്രകാരം,വാടകയിനത്തിൽ ലഭിക്കാൻ ബാക്കിയുള്ള തുകയിൽ, ലഭ്യത സംശയാസ്പാദമായ തുക കണക്കാക്കി 31/3/2023 പ്രകാരമുള്ള തുക ചേർത്തിട്ടുണ്ട്. വിവരങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | ശീർഷകം | 2022-23 ൽ പ്രൊവിഷനായി രേഖപ്പെടുത്തിയ തുക | 31/3/2023 ലെ അക്യുമുലേറ്റഡ് പ്രൊവിഷൻ ബാക്കി |
|---|---|---|---|
| 1. | 270100104-Provision For Doubtful Receivable-Rent From Buildings | 618545 | 618545 |

2021-22 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം വാടക ഇനത്തിൽ 10,41,467 രൂപയുടെ പ്രൊവിഷൻ രേഖപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത തുക 2022-23 വർഷത്തിൽ 180600401 Excess Provisions Written Back - Rent From Buildings എന്ന ശീർഷകത്തിലേക്ക് ജേർണൽ എൻട്രി മുഖേന വരുമാനമായി ചേർത്തതിന് ശേഷം 2022-23 വർഷത്തിൽ പുതുതായി പ്രൊവിഷൻ രേഖപ്പെടുത്തുകയാണ് ചെയ്തിട്ടുള്ളത്. ഇത് സ.ഉ.152/2011 /ത.സ്വ.ഭ.വ തീ.26/7/2011 പ്രകാരം നിർദ്ദേശിക്കപ്പെട്ട അക്കൗണ്ടിംഗ് നയങ്ങൾക്ക് വിരുദ്ധമാണ്. കൂടാതെ ഇപ്രകാരം ചെയ്യുന്നത് ഇൻകം & എക്സ്പെൻഡീച്ചർ സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള വരുമാനം വർധിക്കുന്നതിന് കാരണമാകുകകയും ചെയ്യുന്നു.

(ഓഡിറ്റ് എൻക്വയറി നമ്പർ 5/24.11.2023)

### 1-1-6 Excess Of Income Over Expenditure - ബാലൻസ് ഷീറ്റിലേക്ക് തെറ്റായ തുക ഉൾപ്പെടുത്തി

1/3/23 ലെ ബാലൻസ് ഷീറ്റിലേക്ക് താഴെ ചേർത്തിരിക്കും പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലേയ്ക്ക് മാറ്റേണ്ടിയിരുന്നത് ശരിയായ(-)77,04,479 രൂപയായിരുന്നു.

| | |
|---|---|
| 31/3/22 ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിലെ നീക്കിയിരിപ്പ് | (-)44,40,775 |
| കൂട്ടുക-Prior Period Items വ്യത്യാസം ക്രമീകരിച്ചതിനു ശേഷമുള്ള മിച്ച തുക (E) =C+D | (-)77,04,479 |
| 31/3/23 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിൽ വരേണ്ട നീക്കിയിരിപ്പ് | (-)1,21,45,254 |

എന്നാൽ 31/3/23 ലെ ബാലൻസ്ഷീറ്റ് പ്രകാരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിൽ രേഖപ്പെടുത്തിയിട്ടുള്ള നീക്കിയിരിപ്പ് (-)1,21,41,754 രൂപയാണ്. വ്യത്യാസമുള്ള തുക ട്രയൽ ബാലൻസിൽ 431910201 – Outdoor Collection Control Account എന്ന ശീർഷകത്തിലെ 3500/- രൂപയുടെ ക്രെഡിറ്റ് നീക്കിയിരിപ്പാണ്. മേൽ ശീർഷകത്തിലെ തുക ബാലൻസ്ഷീറ്റിൽ അതേ ശീർഷകത്തിൽ ഉൾപ്പെടുത്തുന്നതിന് പകരം 310900101-Excess Of Income Over Expenditure എന്ന ശീർഷകത്തിൽ ക്രമീകരിക്കുകയാണ് ചെയ്തത്. ആയത് തെറ്റായ നടപടിയാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 5/24.11.2023)

### 1-1-7 ഡിപ്രിസിയേഷൻ രേഖപെടുത്തിയതിലെ അപാകങ്ങൾ

1. അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ തുക അതുമായി ബന്ധപ്പെട്ട ആസ്തിയുടെ നീക്കിയിരിപ്പിനെക്കാൾ അധികമായി രേഖപ്പെടുത്തി.

31/3/2023 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ B-11 പ്രകാരം 410800101 – Other Fixed Asset എന്ന ആസ്തികൾക്ക് 83320 രൂപ വിലകണക്കാക്കിയിട്ടുണ്ട്. എന്നാൽ ബാലൻസ്ഷീറ്റ് പ്രകാരം ഈ ആസ്തികളുടെ 31/3/2023 ലെ Accumalated Depreciation (416100110 Accumulated Depreciation - Other Fixed Assets) 908535 (B-11(a) പട്ടിക) രൂപയാണ്. ആസ്തികളുടെ മൂല്യത്തേക്കാൾ കൂടുതൽ തേയ്മാനചെലവ് കണക്കാക്കാനാവില്ല എന്നതിനാൽ ഈ ആസ്തി ശീർഷകത്തിൽ ഉൾപ്പെടുന്ന എല്ലാ ആസ്തികളുടെയും വില 1 രൂപയെങ്കിലും ഉറപ്പാക്കുന്ന രീതിയിൽ ബാക്കി തുക 2023-24 വർഷത്തിൽ ക്രമീകരിക്കേണ്ടതാണ്.

2. ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

സാംഖ്യ" സോഫ്റ്റ്‌വെയറിൽ നിന്നും ILGMS സോഫ്റ്റ്‌വെയറിലെ ഫിനാൻസ് മൊഡ്യൂളിലേയ്ക്ക് മാറിയപ്പോൾ ആസ്തികൾ ഉൾപ്പെടെയുള്ളവയുടെ ശീർഷകങ്ങൾ വിഭജിക്കപ്പെട്ടിട്ടുണ്ട്. എന്നാൽ ആസ്തികളുടെ ഡിപ്രിസിയേഷൻ, അക്യുമുലേറ്റഡ് ഡിപ്രിസിയേഷൻ ശീർഷകങ്ങൾ മേൽ രീതിയിൽ വിഭജിക്കപ്പെട്ട ശീർഷകങ്ങൾക്കനുസരിച്ചോ ആസ്തികളുടെ സ്വഭാവം അനുസരിച്ചുള്ള ഗണത്തിനനുസരിച്ചോ പുനക്രമീകരിക്കാത്തതിനാൽ ഡിപ്രിസിയേഷൻ കണക്കാക്കിയതിന്റെ കൃത്യത പരിശോധിക്കാനായിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 5/24.11.2023)

### 1-1-8 B-4 ഷെഡ്യൂളിലെ ബാലൻസും B-17 ലെ ബാലൻസും പൊരുത്തപ്പെടുന്നില്ല

ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4, ബി-2 എന്നിവ പ്രകാരം പ്രത്യേകോദ്ദേശ്യ ഗ്രാന്റ് ഇനങ്ങളിൽ ചെലവഴിക്കാൻ 31/3/23 ൽ ബാക്കിയുള്ള തുകയും ഈയാവശ്യത്തിനായി തുടങ്ങിയിട്ടുള്ള ബാങ്ക് അക്കൌണ്ടുകളുടെ 31/3/23 ലെ B-17 പട്ടിക പ്രകാരമുള്ള നീക്കിയിരിപ്പ് തുകകളും തുല്യമാകേണ്ടതുണ്ട്.അപ്രകാരം തുല്യമാകാത്തവയുടെ വിവരങ്ങൾ ചേർക്കുന്നു.

| | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-4, ബി-2 | | | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-17 | | |
|---|---|---|---|---|---|---|
| ക്രമ നമ്പർ | ശീർഷകം | ഇനം | തുക | ശീർഷകം | ബാങ്ക് അക്കൌണ്ട് | തുക |
| 1 | 320200104 | Development Fund - Central Finance Commission Grant - Basic Tax Grant | 2879698 | 450210101 | FEDERAL (CFC-PFMS)-(16980100065411PFMS) | 6705332 |
| | 320200113 | Development Fund - Central Finance Commission Grant –Tied Fund | 3785020<br>ആകെ : 6664718 | | | |
| 2 | 311100101 | Panchayat'S Distress Relief Fund | 26294 | 450210101 | CANARA BANK(RELIEF FUND)-(1461101025053) | 26658 |

2023-24 സാമ്പത്തിക വർഷത്തിൽ മേൽ പരാമർശിച്ച അക്കൗണ്ടുകളിലെ നീക്കിയിരിപ്പ് തുകകളും അതിനോടനുബന്ധിച്ച ബാധ്യത ശീർഷകത്തിലെ ചെലവഴിക്കാൻ ബാക്കിയുള്ള തുകയും തുല്യമായി ക്രമീകരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 5/24.11.2023)

## 1-1-9 ക്യാഷ് മുഖേന വരവ് വന്ന മുഴുവൻ തുകയും റെസിപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ രേഖപ്പെടുത്തൽ വന്നില്ല

340100103 Bidders' Earnest Money Deposit എന്ന ശീർഷകത്തിൽ ലെഡ്ജർ പ്രകാരം ആകെ 12500 രൂപ ക്യാഷ് മുഖേന വരവ് വന്നിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു

| രസീത് നമ്പർ/ തീയതി | തുക |
|---|---|
| 1220102199/21-02-2023 | 2000 |
| 1220102200/21-02-2023 | 2000 |
| 1220102638/03-03-2023 | 5000 |
| 1220102663/03-03-2023 | 2000 |
| 1220103022/14-03-2023 | 500 |
| 1220103023/14-03-2023 | 1000 |

എന്നാൽ വാർഷിക കണക്ക് RP-33 Deposits Received (R) ഷെഡ്യൂൾ പ്രകാരം പ്രസ്തുത ഇനത്തിലെ വരവ് 4000 രൂപ മാത്രമാണ്. ക്യാഷ് മുഖേന വരവ് വന്ന മുഴുവൻ തുകയും റെസിപ്റ്റ് & പേയ്മെന്റ് അക്കൗണ്ടിൽ രേഖപ്പെടുത്തൽ വരാത്തതിന്റെ കാരണം വ്യക്തമല്ല. IKM മുമായി ബന്ധപ്പെട്ട് അപാകതക്ക് കാരണം കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 5/24.11.2023)

**1-1-10 കാഷ് ഫ്ലോ പത്രികയിലെ തൻവർഷത്തെ ആകെ ക്യാഷ് ഫ്ലോയും പത്രികയിൽ മുന്നിരിപ്പും നീക്കിയിരിപ്പും തമ്മിലുള്ള വ്യത്യാസമായി ചേർത്തിരിക്കുന്ന തുകയും പൊരുത്തപ്പെടുന്നില്ല**

വാർഷികകണക്കിനോടൊപ്പം സമർപ്പിച്ചിരിക്കുന്ന കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റിൽ താഴെ ചേർത്തിരിക്കുന്ന ന്യൂനതകൾ ഉള്ളതിനാൽ ആയതിന്റെ കൃത്യത ഓഡിറ്റിൽ സാക്ഷ്യപ്പെടുത്തുന്നില്ല

കാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം 2022-23 കാലയളവിലെ "Net Increase In Cash And Cash Equivalents" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 7610701 രൂപയാണ്. എന്നാൽ ഇതേ പത്രികയിൽ 2022-23 കാലയളവിൽ "Net Cash Generated By Operating+Investing+Financing Activity" ആയി രേഖപ്പെടുത്തിയിരിക്കുന്നത് 5720812 രൂപയാണ്. അംഗീകരിക്കപ്പെട്ട അക്കൗണ്ടിങ്ങ് സ്റ്റാൻഡേർഡ് പ്രകാരം മേൽ രണ്ടു തുകകളും പൊരുത്തപ്പെടേണ്ടതാണെങ്കിലും പഞ്ചായത്ത് സമർപ്പിച്ച സ്റ്റേറ്റ്മെന്റിലെ രണ്ട് തുകകൾ പൊരുത്തപ്പെടുന്നില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 5/24.11.2023)

**1-1-11 അക്കൗണ്ടിംഗ് ചട്ടങ്ങൾ പ്രകാരമുള്ള എല്ലാ പത്രികകളും വാർഷിക കണക്കിൽ ഉൾപ്പെട്ടിട്ടില്ല**

വാർഷിക ധനകാര്യപത്രികയിൽ അടിസ്ഥാന അനുപാതങ്ങൾ ഉൾപ്പെടുത്തിയിട്ടില്ല (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011,ചട്ടം 62 (എഫ്)).

(ഓഡിറ്റ് എൻക്വയറി നമ്പർ 5/24.11.2023)

**1-1-12 അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾക്ക് ഡിമാന്റ് കൃത്യമായി രേഖപ്പെടുത്തുന്നില്ല**

2022-23 ൽ അസസ്സ് ചെയ്യപ്പെടുന്ന അക്രൂവൽ അടിസ്ഥാനത്തിലുള്ള വരുമാനങ്ങൾ പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റ്, അസസ്സ്മെന്റ് രജിസ്റ്റർ, അസസ്സ്മെന്റ്/ഡിമാന്റ് നോട്ടീസ് എന്നിവയുടെ അടിസ്ഥാനത്തിൽ പ്രതിമാസ ഡിമാന്റ് ജേണൽ എൻട്രി മുഖേന ചേർക്കേണ്ടിയിരുന്നതുമാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ, ചട്ടം 17(2)). പ്രതിമാസം സെക്രട്ടറി തയ്യാറാക്കുന്ന സമ്മറി സ്റ്റേറ്റ്മെന്റിന്റെ അടിസ്ഥാനത്തിൽ തന്നെ ഡിമാന്റ് കുറവ് ചെയ്യൽ/എഴുതി തള്ളൽ/ഇളവ് അനുവദിക്കൽ എന്നിവ ജേണൽ എൻട്രികൾ മുഖേന ചെയ്യേണ്ടതുമാകുന്നു.ഈ രേഖപ്പെടുത്തൽ ജേണൽ വൗച്ചർ, വർക്ക് ഷീറ്റ്, നിയമാനുസൃത അനുമതി എന്നിവയുടെ അടിസ്ഥാനത്തിലായിരിക്കണം ചെയ്യേണ്ടത്. എന്നാൽ പാവറട്ടി ഗ്രാമപഞ്ചായത്തിലെ 2022-23 വർഷത്തെ അക്രൂവൽ അടിസ്ഥാനത്തിലുള്ള നികുതി-നികുതിയേതര വരുമാനങ്ങളുടെ ലെഡ്ജർ പരിശോധിച്ചതിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ ഡിമാന്റ് ഓരോ/രണ്ട് തവണ മാത്രം രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. ഈ ഡിമാന്റ് എൻട്രികൾക്കും സാധുത നല്കുന്ന വൗച്ചറുകളും ഇല്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| വരുമാന ശീർഷകം | ജേണൽ വൗച്ചർനം./തീയതി | ഒറ്റത്തവണയായി/രണ്ട് തവണയായി ഡിമാന്റ് രേഖപ്പെടുത്തിയ തുക | |
|---|---|---|---|
| 110100101- Property Tax On Residential Buiding | 42201141/31.3.2023 | 2994535 | 2022-23 വർഷത്തിൽ പാവറട്ടി ഗ്രാമപഞ്ചായത്തിൽ 196 പുതിയ കെട്ടിടങ്ങൾക്ക് നികുതി ചുമത്തിയിട്ടുണ്ട് |
| 110100102- Property Tax On Non Residential Buiding | 42201144/31.3.2023 | 2831637 | |
| 140110101- | 42201260/31.3.2023 | 203300 | |

| | | |
|---|---|---|
| Licence Fees For Factories, Traders, Entepreneuors And Other Services | | |
| | 42201265/31.3.2023 | 97100 |
| 130100101-Rent From Buildings | 42201259/31.3.2023 | 987960 |
| 110200105-Profession Tax- Traders | 42201263/31.3.2023 | 229020 |
| | 42201266/31.3.2023 | 284600 |
| 110200101-Profession Tax-Institutions | 42201264/31.3.2023 | 72500 |

(ഓഡിറ്റ് എൻക്വയറി നമ്പർ 5/24.11.2023)

## 1-1-13 "190000000-Prior Period Income", "290000000- Prior Period Expenses"- അംഗീകരിക്കപ്പെട്ട വൗച്ചറുകളോ വർക്ക്ഷീറ്റുകളോ സൂക്ഷിച്ചിട്ടില്ല

ഇൻകം & എക്സ്പെൻഡീച്ചർ അക്കൗണ്ട് (ഐ-18,ഐ-19) പ്രകാരം "190000000-Prior Period Income", "290000000- Prior Period Expenses", എന്നീ ശീർഷകങ്ങളിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ലെഡ്ജറുകളിൽ ജേണൽ വൗച്ചർ മുഖേന എഴുതി തള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ചിരിക്കുന്ന തുകകൾക്കും, തിരുത്തൽ എൻട്രികൾക്കും അംഗീകരിക്കപ്പെട്ട വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലം നൽകുന്ന വർക്ക്ഷീറ്റുകളോ, ഓഡിറ്റിന് ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ താഴെ ചേർത്തിരിക്കുന്ന ലെഡ്ജർ പ്രകാരമുള്ള രേഖപ്പെടുത്തലുകൾ നിയമാനുസൃതം ആണെന്നോ കൃത്യമാണെന്നോ ഉറപ്പ് വരുത്തുന്നതിന് സാധിച്ചിട്ടില്ല.

| ശീർഷകം (ഇൻകം & എക്സ്പെൻഡീച്ചർ അക്കൌണ്ട് ,ഷെഡ്യൂൾ I-19) | 31/3/2023 ലെ ലെഡ്ജർ ബാക്കി |
|---|---|
| 190100101 -Prior Period Income-Property Tax | 533 |
| 190100102 Prior Period Income - Profession Tax - Institutions/ Professionals/ Traders 28, 240 | 28240 (41190 രൂപ ജേണൽ വൗച്ചർ മുഖേന വരുമാനമായി ക്രമീകരിച്ചിരിക്കുന്നു) |
| 290800101 Prior Period Expenses - Establishment Expenses | 37145 |
| 290800301 Prior Period Expenses - Operations And Maintenance Expenses | 1677 (30000 രൂപ ജേണൽ വൗച്ചർ മുഖേന വരുമാനമായി ക്രമീകരിച്ചിരിക്കുന്നു) |

(ഓഡിറ്റ് എൻക്വയറി നമ്പർ 5/24.11.2023)

## 1-1-14 ജേണൽ വൗച്ചറുകളെ സാക്ഷ്യപ്പെടുത്തുന്ന രീതിയിൽ അനുബന്ധ രേഖകൾ ഇല്ല

കാഷ് അല്ലെങ്കിൽ ബാങ്ക്/ട്രഷറി അക്കൗണ്ടുകളുമായി ബന്ധമില്ലാത്ത ഇടപാടുകൾ ജേണൽബുക്കിൽ രേഖപ്പെടുത്തേണ്ടതാണ്. (പഞ്ചായത്ത് രാജ് അക്കൗണ്ട്സ് ചട്ടങ്ങൾ 2011. ചട്ടം 7) ജേണൽ വൗച്ചറുകൾ

ഉൾപ്പെടെ എല്ലാ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്. നിലവിൽ ഇപ്രകാരം ഒരു നിയന്ത്രണം ഇല്ലാതെയാണ് ജേണൽ എൻട്രികൾ രേഖപ്പെടുത്തുന്നത്. പ്രധാനമായും വസ്തുനികുതിയിനത്തിലുള്ള പിരിവ്, ബാക്കി, മുൻകൂർ, കുടിശ്ശിക ഡിമാന്റ്, കുടിശ്ശിക പിരിവ്, കുടിശ്ശിക ബാക്കി എന്നിവ എഴുതി തള്ളാനും, ക്രമീകരിക്കാനും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള ഡി.സി.ബി രജിസ്റ്ററിലെ തുകയിലേയ്ക്ക് മാനുവലായി പൊരുത്തപ്പെടുത്താനും, മുൻകൂർ തുക വർദ്ധിപ്പിക്കുന്നതിനും നടത്തുന്ന ജേണൽ എൻട്രികൾക്ക് യാതൊരു വൗച്ചറും സൂക്ഷിക്കുന്നില്ല. എല്ലാ ജേണൽ വൗച്ചറുകൾക്കും ആധികാരികമായ സാക്ഷ്യപ്പെടുത്തിയ വൗച്ചറുകൾ, വർക്ക്ഷീറ്റുകൾ സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 5/24.11.2023)

## 1-1-15 വസ്തു നികുതി -വാർഷിക കണക്കിലെ തുകകളും ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടുന്നില്ല

വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ നിന്നും ലഭിക്കുന്ന വസ്തുനികുതി ഡിമാന്റ് തുക ആണ് കണക്കുകൾ തയ്യാറാക്കുന്ന സോഫ്റ്റ്‌വെയർ ആയ "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ"ൽ ഡിമാന്റ് ആയി ചേർക്കുന്നത്. വസ്തുനികുതി സ്വീകരിച്ച് രസീത് നൽകുന്നതും ലെഡ്ജർ തയ്യാറാക്കുന്നതും "ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂൾ" ഉപയോഗിച്ചാണ്. ഇതിലെ രസീത് കളക്ഷനാണ് വസ്തു നികുതിയുടെ ഡിമാന്റ് രജിസ്റ്റർ തയ്യാറാക്കുന്ന "സഞ്ചയ" സോഫ്റ്റ്‌വെയറിൽ യാന്ത്രികമായി പോസ്റ്റ് ചെയ്യപ്പെടുന്നതും. ഇപ്രകാരം തയ്യാറാക്കുന്നതിനാൽ ഡി.സി.ബി രജിസ്റ്റർ പ്രകാരവും വാർഷികകണക്കുകളിലെ പത്രികകൾ പ്രകാരവുമുള്ള ഡിമാന്റ്, കളക്ഷൻ, നീക്കിയിരിപ്പ് എന്നീ ഇനങ്ങളിലെ തുകകൾ പൊരുത്തപ്പെടേണ്ടതാണ്. എന്നാൽ "സഞ്ചയ" സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിട്ടുള്ള വസ്തുനികുതിയുടെയും ലൈബ്രറി സെസ്സിന്റെയും ഡി.സി.ബി രജിസ്റ്റർ പ്രകാരമുള്ള വർഷാന്ത്യ സംക്ഷിപ്ത തുകകളും "ILGMS ലെ ഫിനാൻസ് മൊഡ്യൂൾ" -ൽ തയ്യാറാക്കിയ വാർഷിക കണക്കിലെ തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.മേൽ സാഹചര്യത്തിൽ വാർഷികകണക്കുകളും, ഡി.സി.ബി രജിസ്റ്ററും പൊരുത്തപ്പെടാതിരിക്കുന്നതിന് കാരണം കണ്ടെത്തി പരിഹരിക്കേണ്ടതാണ്.

**1തൻവർഷം**

1.1റെസിഡൻഷ്യൽ

| | കളക്ഷൻ |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2980216 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2975005<br>(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) |

2.1.2നോൺ-റെസിഡൻഷ്യൽ

| | കളക്ഷൻ |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 2833837 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം | 2789766<br>(റസീറ്റ് & പേയ്മെന്റ് പത്രിക, ഷെഡ്യൂൾ ആർ.പി-45) |

**2കുടിശ്ശിക**

2.1റെസിഡൻഷ്യൽ

| | ഡിമാൻഡ് |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 20581 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം * | 20187<br>(2021-22 ലെ ബാലൻസ്ഷീറ്റ് |

| | |
|---|---|
| | ഷെഡ്യൂൾ ബി-15) |

2.2 നോൺ റെസിഡൻഷ്യൽ

| | ഡിമാൻഡ് |
|---|---|
| "സഞ്ചയ" സോഫ്റ്റ്‌വെയർ പ്രകാരം | 9728 |
| വാർഷികകണക്കിലെ വിവിധ പത്രികകൾ പ്രകാരം * | 9595<br>(2021-22 ലെ ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-15) |

3 തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ കളക്ഷൻ വാർഷിക കണക്ക് പ്രകാരം 293939 രൂപയും സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരം 293761 രൂപയുമാണ്. ലൈബ്രറി സെസ്സ് ഡിമാന്റ് തുക രേഖപ്പെടുത്തി വരുന്ന "431910101 State Govt. Cesses/levies In Property Tax Control Account" എന്ന ലെഡ്ജറിൽ നിന്ന് ഇപ്രകാരം തൻവർഷം ആകെ ലൈബ്രറി സെസ്സ് ഇനത്തിൽ (കുടിശ്ശിക ഉൾപ്പെടെ) കളക്റ്റ് ചെയ്ത തുകയാണ് ഡിമാന്റിൽ നിന്ന് കുറവ് ചെയ്യേണ്ടത്. എന്നാൽ വാർഷിക കണക്കും വസ്തുനികുതി ഡിമാന്റ് രജിസ്റ്ററും ലൈബ്രറി സെസ്സ് കളക്ഷന്റെ കാര്യത്തിൽ പൊരുത്തപ്പെടുന്നില്ല എന്ന് മാത്രമല്ല, മേൽ പ്രകാരം ഡിമാന്റ് കുറവ് ചെയ്തിരിക്കുന്നത് ഈ രണ്ടു തുകയുമല്ല, മറിച്ച് 293670 രൂപയാണ്.

4. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകത്തിൽ വസ്തുനികുതിയിനത്തിൽ മുൻകൂർ ആയി ലഭിച്ചതും എന്നാൽ 31/3/2023 ൽ ക്രമീകരിക്കാൻ അവശേഷിക്കുന്നതുമായ തുക ചേർത്തിരിക്കുന്നതും "സഞ്ചയ" സോഫ്റ്റ്‌വെയറിൽ ഈയിനത്തിൽ ചേർത്തിരിക്കുന്ന തുകകളും തമ്മിൽ പൊരുത്തപ്പെടുന്നില്ല.

| ക്രമ നം. | ശീർഷകം | ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 പ്രകാരമുള്ള തുകകൾ | സഞ്ചയ സോഫ്റ്റ്‌വെയർ പ്രകാരമുള്ള തുകകൾ |
|---|---|---|---|
| 1 | 350410101-Advance Collection Of Revenues -Property Tax On Residential Building | 217552 | 193643 |
| 2 | 350410104-Advance Collection Of Revenues -Property Tax On Non-Residential Building | 106678 | 161888 |

(ഓഡിറ്റ് എൻക്വയറി നമ്പർ 5/24.11.2023)

## 1-1-16 രജിസ്റ്ററുകളിലെ രേഖപെടുത്തലുകൾ വാർഷിക കണക്കുമായി പൊരുത്തപെടുന്നില്ല

1. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-9 "Other Liabilities" എന്ന ശീർഷകം പ്രകാരം താഴെ ചേർത്തിരിക്കുന്ന വരുമാനങ്ങൾക്ക് മുൻകൂർ ആയി തുക ലഭിച്ചിട്ടുണ്ട്. എന്നാൽ അതാത് ഡിമാന്റ് രജിസ്റ്ററിലോ പ്രത്യേകം രജിസ്റ്ററിലോ മുൻകൂർ തുകയുടെ കണക്കുകൾ രേഖപ്പെടുത്തുകയോ, ബാലൻസ്ഷീറ്റുമായി പൊരുത്തപ്പെടുത്തി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കുകയോ ചെയ്തിട്ടില്ല.

| ക്രമ നം. | വരുമാനം | മുൻകൂർ ശീർഷകം | 31/3/2023 ലെ മുൻകൂർ തുക |
|---|---|---|---|
| 3 | പബ്ലിക് കംഫർട് സ്റ്റേഷൻ | 350410206 Advance Collection Of Revenues -Public Comfort Station | 110170 |

| | | Receipts | |
|---|---|---|---|

2. ഡെപ്പോസിറ്റ് രജിസ്റ്റർ പ്രകാരമുള്ള രേഖപെടുത്തലുകൾ വാർഷിക കണക്കിലെ വിവിധ പത്രികകളുമായി പൊരുത്തപ്പെടുന്നില്ല.

| ഇനം | രജിസ്റ്റർ പ്രകാരം | | വാർഷിക കണക്ക് പ്രകാരം | |
|---|---|---|---|---|
| 340100103 Bidders' Earnest Money Deposit | Receipt | 12500 | Receipt | 4000* |
| | Payment | 15500 | Payment | 5000 |

(ഓഡിറ്റ് എൻക്വയറി നമ്പർ 5/24.11.2023)

### 1-1-17 വാർഷിക കണക്കുകളിലെ തുകകളെ സാധൂകരിക്കുന്ന രീതിയിൽ രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല

1. രജിസ്റ്ററുകൾ എഴുതി സംക്ഷിപ്തം സാക്ഷ്യപ്പെടുത്തി സൂക്ഷിക്കാത്തതിനാൽ RP-3, RP-4, RP-5, RP-10 ഷെഡ്യൂൾ പ്രകാരമുള്ള വരവുകളുടെ (140110109, 140120105, 140120101 എന്നീ ശീർഷകങ്ങൾ ഒഴികെ) വാർഷിക കണക്കിൽ തുക രേഖപ്പെടുത്തിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

2. ബാലൻസ്ഷീറ്റ് ഷെഡ്യൂൾ ബി-14 പ്രകാരം ക്ലോസിങ് സ്റ്റോക്കിന്റെ മൂല്യം '0' ആണ്. സ്റ്റോക്ക് രജിസ്റ്ററിൽ സ്റ്റോക്ക് റിപ്പോർട്ട് തയ്യാറാക്കി സെക്രട്ടറി സാക്ഷ്യപ്പെടുത്തി ലഭ്യമാക്കേണ്ടതാണ്. (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ,ചട്ടം 58,4(എ))

(ഓഡിറ്റ് എൻക്വയറി നമ്പർ 5/24.11.2023)

### 1-1-18 ആസ്തി രജിസ്റ്റർ - ആസ്തികളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല

ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. ബാലൻസ്ഷീറ്റിൽ പരാമർശിച്ചിട്ടുള്ള സ്ഥിരാസ്തികളുടെ അസ്തിത്വവും മൂല്യവും പരിശോധിക്കാൻ സാധിക്കുന്ന മാതൃകയിലല്ല ആസ്തി രജിസ്റ്റർ തയ്യാറാക്കുന്നത്.

(ഓഡിറ്റ് എൻക്വയറി നമ്പർ 5/24.11.2023)

### 1-1-19 രജിസ്റ്ററുകൾ കൃത്യമായി സൂക്ഷിക്കുന്നില്ല

ആഭ്യന്തരനിയന്ത്രണം ഫലപ്രദമാക്കുന്നതിന് കൈയ്യെഴുത്തായി സൂക്ഷിക്കുന്ന എല്ലാ വരവ് രജിസ്റ്ററുകളും ഡിമാന്റ് അടിസ്ഥാനത്തിലും പേജ് അടിസ്ഥാനത്തിലും തുക കണക്കാക്കുകയും മാസാന്ത്യത്തിൽ ക്ലോസ് ചെയ്ത് അതാത് ലെഡ്ജറുകളുമായി പൊരുത്തപ്പെടുത്തി, വർഷാന്ത്യത്തിൽ സംക്ഷിപ്തം രേഖപ്പെടുത്തി, സെക്രട്ടറി സാക്ഷ്യപ്പെടുത്തി സൂക്ഷിക്കേണ്ടതാണ് (കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങൾ 2011, ചട്ടം58(2)(ഇ),(ജി)). നിലവിൽ ഓഡിറ്റിന് ഹാജരാക്കിയ രജിസ്റ്ററുകൾ ഇപ്രകാരം കൃത്യമായി സൂക്ഷിക്കുന്നില്ല.ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

A. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (ജീവനക്കാർ)

B. തൊഴിൽ നികുതി ഡിമാന്റ് രജിസ്റ്റർ (സ്ഥാപനങ്ങൾ)

C. ലൈസൻസ് ഡിമാന്റ് രജിസ്റ്റർ

D. പാരമെഡിക്കൽ സ്ഥാപനങ്ങളുടെ രജിസ്റ്റർ

E. ബിൽഡിംഗ് പെർമിറ്റ് രജിസ്റ്റർ

F. വാടക ഡിമാന്റ് രജിസ്റ്റർ

G. ട്യൂട്ടോറിയൽ സ്ഥാപനങ്ങളുടെ രജിസ്ററർ

H. ലൈബ്രറി രജിസ്റ്റർ

(ഓഡിറ്റ് എൻക്വയറി നമ്പർ 5/24.11.2023)

### 1-1-20 ശീർഷകങ്ങളുടെ ആധികാരികത വ്യക്തമാക്കിയിട്ടില്ല

1/4/2022 മുതൽ ILGMS എന്ന ERP യിലെ ഫിനാൻസ് മൊഡ്യൂളിൽ കണക്കുകൾ തയ്യാറാക്കി തുടങ്ങി. സാംഖ്യ സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിയിരുന്ന വാർഷികകണക്കിൽ ചേർത്തിരുന്ന ശീർഷകങ്ങൾ ILGMS ൽ വ്യത്യാസപ്പെട്ടതായി കാണുന്നു. സർക്കാർ ഉത്തരവ് 152/2011 ത.സ്വ.ഭ.വ തീ. 26/7/11 പ്രകാരം നിർവ്വചിച്ച അക്കൗണ്ട് ശീർഷകങ്ങളിൽ നിന്നും വ്യത്യസ്തമായി കൂടുതൽ ശീർഷകങ്ങൾ പുതിയ സോഫ്റ്റ്‌വെയറിൽ ചേർത്തിരിക്കുന്നു. ആയതിന്റെ ആധികാരികത വ്യക്തമാക്കിയിട്ടില്ല. 31/3/2022 ലെ ഓഡിറ്റ് ചെയ്ത ബാലൻസ്ഷീറ്റ് പ്രകാരമുള്ള നീക്കിയിരിപ്പ് തുകകൾ പുതിയ സോഫ്റ്റ്‌വെയറിൽ ഓപ്പണിംഗ് ബാലൻസ്ഷീറ്റായി ചേർത്തപ്പോൾ പുതിയ ശീർഷകങ്ങളിലേക്ക് വിഭജിച്ച് നല്കിയതായി കാണുന്നു. ആകെ തുകയിൽ വ്യത്യാസമില്ല. ഇപ്രകാരം വിഭജിച്ച് നല്കിയതിന് ആധികാരികമായി വർക്ക്ഷീറ്റുകൾ തയ്യാറാക്കിയിട്ടില്ല.

(ഓഡിറ്റ് എൻക്വയറി നമ്പർ 5/24.11.2023)

## 1-2 ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | പ്രതീക്ഷിത വരവ് | പ്രതീക്ഷിത ചെലവ് |
|---|---|---|---|
| 21.03.2022 | 1 | 257704000 | 261662000 |

റിവൈസ്ഡ് ബജറ്റ്

| പാസാക്കിയ തിയതി | കമ്മിറ്റി തീരുമാനം | വരവ് | ചെലവ് |
|---|---|---|---|
| 18.03.2023 | 1 | 257254000 | 260332000 |

## 1-3 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | ലാപ്സായ തുക*/ നീക്കിയിരിപ്പ്** |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ | | 0 | 12941000 | 12941000 | 11788143 | 1152857* |
| വികസന ഫണ്ട്-എസ്.സി.പി | | 0 | 3474000 | 3474000 | 3066738 | 407262* |
| മെയിന്റനൻസ്, റോഡ് | | 0 | 8462000 | 8462000 | 5511837 | 2950163* |
| മെയിന്റനൻസ്, നോൺ-റോഡ് | | 0 | 4570000 | 4570000 | 4455476 | 114524* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -TIED | BANK | 3109855 | 3376000 | 6485855 | 2700835 | 3785020** |
| | TREASURY | 0 | 3262742 | 3262742 | 679350 | 2583392* |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് -UNTIED- | BANK | 1277072 | 2461669 | 3738741 | 859043 | 2879698** |
| | TREASURY | 0 | 211844 | 211844 | 210760 | 1084* |

| | | | | | |
|---|---|---|---|---|---|
| BASC | | | | | |
| സാക്ഷരത | 1449 | 40 | 1489 | 0 | 1489** |
| TSC | 1951266 | 0 | 1951266 | 408906 | 1542360** |
| ICDS | 386600 | 786726 | 1173326 | 287288 | 886038** |
| PYCKA | 12000 | 0 | 12000 | 0 | 12000** |
| മറ്റുള്ള ഏജൻസികളിൽ നിന്നും ലഭിച്ച ഗ്രാന്റ് | 154363 | 400000 | 554363 | 130000 | 424363** |

കുറിപ്പ്:

1) സ്ഥാപനത്തിൽ നിന്നും ലഭ്യമാക്കിയ ഗ്രാന്റ് സ്റ്റേറ്റ്മെന്റ് പ്രകാരം വികസന ഫണ്ട്-ജനറൽ എന്നയിനത്തിലെ വരവിൽ അംഗൻവാടി ജീവനക്കാരുടെ പ്രതിഫലം, ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നീയിനങ്ങളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകയും വികസന ഫണ്ട്- എസ്.സി.പി. എന്നയിനത്തിലെ വരവിൽ ലൈഫ് മിഷൻ വായ്പാതിരിച്ചടവ് എന്നയിനത്തിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകയും ഉൾപ്പെടുന്നില്ല. എന്നാൽ പ്രസ്തുത ഫണ്ടുകളുടെ ചെലവുകളിൽ ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ ഉൾപ്പെടുന്നുമുണ്ട്. ഉറവിടത്തിൽ നിന്നും കുറവ് ചെയ്ത തുകകൾ കൂടി ഉൾപ്പെടുത്തിയാണ് മേൽ പട്ടികയിൽ വരവുകളും ചെലവുകളും രേഖപ്പെടുത്തിയിരിക്കുന്നത്.

2) ചെലവഴിക്കാതെ കിടക്കുന്ന, ബാലൻസ് ഷീറ്റ് ഷെഡ്യൂൾ ബി-4 പ്രകാരമുള്ള ഫണ്ടുകൾ, ആവശ്യമില്ലാത്തപക്ഷം സോഴ്സിലേക്ക് തിരിച്ചടവാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 1-4 പദ്ധതി അവലോകനം

| അംഗീകാരം ലഭിച്ചത് (എണ്ണം) | അടങ്കൽ (തുക) | നടപ്പിലാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കിയ പദ്ധതി തുകയുടെ ശതമാനം | നടപ്പാക്കിയ പ്രോജക്ടുകളുടെ എണ്ണത്തിന്റെ ശതമാനം |
|---|---|---|---|---|---|
| 181 | 75243235 | 120 | 36846648 | 48.97 | 66.29 |

## 1-5 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 35 | 1142948 | 1142983 | 1142076 | 907 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 13083597 | 13083597 | 13083597 | 0 |
| മെറ്റിരീയൽ കോസ്റ്റ് | 0 | 9375993 | 9375993 | 9375993 | 0 |
| ആകെ | 35 | 23602538 | 23602573 | 23601666 | 907 |

## 1-6 ക്ഷേമപെൻഷനുകൾ

| പദ്ധതിയുടെ പേര് | ചെലവു തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിതവേതനം | 1920 | 1 |
| കർഷകതൊഴിലാളി പെൻഷൻ | 68000 | 44 |
| വിധവാ പെൻഷൻ | 10499400 | 735 |
| വാർദ്ധക്യകാല പെൻഷൻ | 21471200 | 1569 |

| | | |
|---|---|---|
| വികലാംഗപെൻഷൻ | 3256400 | 733 |
| 50 വയസ്സിന് മേൽ പ്രായമുള്ള അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 952000 | 69 |

## 1-7 ക്യാഷ് ബാലൻസ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 24.11.2023 തീയതിയിൽ 4:30 Pm ന് പഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 12992/- രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

## 1-8 ആഭ്യന്തര നിയന്ത്രണം

ആഭ്യന്തര നിയന്ത്രണത്തിലെ പോരായ്മകൾ ഈ റിപ്പോർട്ടിലെ ഭാഗം ഒന്നിലെ വിവിധ ഖണ്ഡികകളിലായി ചേർത്തിട്ടുണ്ട്.

## 1-9 ഗ്രാമപഞ്ചായത്തിന്റെ നികുതി-നികുതിയേതര വരവുകൾ -അവലോകനം

ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രവർത്തനം

പാവറട്ടി ഗ്രാമപഞ്ചായത്തിന്റെ ധനകാര്യ സ്റ്റാൻഡിങ് കമ്മിറ്റി മിനിട്ട്സ് പരിശോധനയിൽ പുതിയ തനതു വരുമാന മേഖലകൾ സംബന്ധിച്ച നിർദ്ദേശങ്ങൾ ഒന്നും തന്നെ അവതരിപ്പിച്ചിട്ടില്ല. വരവ് ചെലവ് കണക്കുകൾ അംഗീകരിക്കൽ, ഒഴിഞ്ഞ് കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഒഴിവാക്കൽ, പൊളിഞ്ഞു പോയ കെട്ടിടങ്ങൾക്ക് നികുതി ഒഴിവാക്കി നൽകുന്നതിനുള്ള അപേക്ഷകൾ മുതലായവയിൽ തീരുമാനമെടുക്കുന്നതുമായി ബന്ധപ്പെട്ട അജണ്ടകളാണ് ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റി യോഗങ്ങളുടെ മിനിട്ട്സ് പ്രകാരം കാണുന്നത്. നികുതി വരുമാനത്തിന്റെ ഡി.സി.ബി സ്റ്റേറ്റ്മെന്റ് തയ്യാറാക്കി ഭരണസമിതി യോഗത്തിൽ സമർപ്പിക്കുന്നുണ്ട്. 18.01.2023 മുതൽ 30.01.2023 വരെ നികുതി പിരിവിനായി കളക്ഷൻ ക്യാമ്പ് നടത്തി. നികുതി-നികുതിയേതര വരവ് സംബന്ധിച്ച് ഗ്രാമസഭകളിൽ അജണ്ട ചേർത്ത് വിശദീകരിക്കുന്നുണ്ട്.

ബജറ്റും യഥാർത്ഥവരവുമായുള്ള താരതമ്യം താഴെ ചേർക്കുന്നു

| ഇനം | ബജറ്റ് | റിവൈസ്ഡ് ബജറ്റ് | വാർഷിക ധനകാര്യപത്രിക |
|---|---|---|---|
| വസ്തുനികുതി | 6000000 | 6500000 | 5826172 |
| തൊഴിൽനികുതി | 2700000 | 2700000 | 2417810 |
| ലൈസൻസ് ഫീസ് | 300000 | 300000 | 300400 |
| വാടക | 1850000 | 1850000 | 987960 |
| പെർമിറ്റ് ഫീസ് | 350000 | 350000 | 105897 |

വരുമാന വർദ്ധനവ്

കഴിഞ്ഞ രണ്ട് വർഷത്തെ നികുതി നികുതിയേതര വരുമാനങ്ങളുടെ വർദ്ധനവ് താഴെ ചേർക്കും പ്രകാരമാണ്.

| ഇനം | 2021-22 | 2022-23 | വർദ്ധനവ്(%) | |
|---|---|---|---|---|
| വസ്തുനികുതി റെസിഡൻഷ്യൽ | 2916148 | 2994535 | 2.69 | 196 കെട്ടിടങ്ങൾ 2022-23 ൽ അസ്സസ് ചെയ്തു |
| വസ്തുനികുതി നോൺ റെസിഡൻഷ്യൽ | 2459181 | 2831637 | 15.15 | |
| തൊഴിൽ നികുതി-സ്ഥാപനങ്ങൾ, ട്രേഡേഴ്സ്,പ്രൊഫഷണൽസ് | 499930 | 586120 | 17.24 | |

| | | | |
|---|---|---|---|
| തൊഴിൽ നികുതി - ജീവനക്കാർ, | 1632273 | 1831690 | 12.22 |
| FACTEOS ലൈസൻസ് | 147690 | 300400 | 103.40 |
| വാടക | 870430 | 987960 | 13.50 |

2021-22 വർഷത്തെ അപേക്ഷിച്ച് 2022-23വർഷം നികുതി നികുതിയേതര വരുമാനങ്ങളുടെ ഡിമാന്റിൽ തൃപ്തികരമായ വർദ്ധനവുണ്ട്. വാണിജ്യ സ്ഥാപനങ്ങൾ താരതമ്യേന കൂടുതലുള്ള പഞ്ചായത്തിൽ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങൾ കണ്ടെത്താൻ ഫീൽഡ്തല സന്ദർശനം നടത്തി ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കേണ്ടതുണ്ട്. വസ്തുനികുതി, തൊഴിൽ നികുതി, ലൈസൻസ് ഫീ എന്നിവയുടെ ഡിമാന്റ് തുക കണക്കാക്കുന്നതിലെ കൃത്യത ഉറപ്പാക്കുന്നതിന് പഞ്ചായത്ത് തലത്തിൽ ഭൂമിയുടെയും അതിന്റെ വിനിയോഗത്തേയും, കെട്ടിടങ്ങളേയും സംബന്ധിക്കുന്ന മാസ്റ്റർ ഡാറ്റാ ബേസ് ഇല്ലാത്തതാണ്. ആയതിനാൽ മുഴുവൻ നികുതി നികുതിയേതര വരുമാനങ്ങളുടെയും ഡിമാന്റ് പൂർണമായും നടത്തിയോ എന്ന പരിശോധന നടത്താൻ സ്ഥാപനത്തിനോ ഓഡിറ്റിനോ സാധിക്കുന്നില്ല.

<u>വസ്തുനികുതി</u>

18.04.2023 തീയതിയിലെ ഭരണസമിതി തീരുമാനം നം. 1(1) പ്രകാരം തദ്ദേശ സ്വയംഭരണ (ആർ.സി) വകുപ്പിന്റെ സ.ഉ(കൈ) നം. 77/2023/LSGD Dt. 22.03.2023 അടിസ്ഥാനത്തിൽ കെട്ടിടങ്ങളുടെ വസ്തുനികുതി നിരക്കുകൾ നിശ്ചയിച്ചിട്ടുണ്ട്.സർക്കാർ നിശ്ചയിച്ച പരിധിക്കുള്ളിൽ നിന്നുകൊണ്ട് തദ്ദേശസ്വയംഭരണ ഓരോ കെട്ടിട വിഭാഗത്തിന്റെയും അടിസ്ഥാന നിരക്ക് വിജ്ഞാപനം ചെയ്തിട്ടുണ്ട്.പുതിയ കെട്ടിടങ്ങൾക്ക് 08/2023 മുതൽ പരിഷ്കരണം നടപ്പിലാക്കിയിട്ടുണ്ട്. സഞ്ചയ സോഫ്റ്റ്‌വെയറിൽ പുതിയ നിരക്കുകൾ ചേർത്തിട്ടുണ്ട്. ഡാറ്റാ പ്യൂരിഫിക്കേഷൻ നടത്തി ഡാറ്റാ ലോക്ക് ചെയ്തിട്ടുണ്ട്. സോഫ്റ്റ്‌വെയർ അപ്ഡേഷൻ നടപടി പൂർത്തീകരിക്കാത്തതിനാൽ നിലവിലെ കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്കിൽ നികുതി ഈടാക്കി വരുന്നു.

2011 ലെ കേരള പഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങളിലെ ചട്ടം 7 ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരം മേഖലകളെ സംബന്ധിച്ച വിവരങ്ങൾ വാർഡ് അടിസ്ഥാനത്തിലുള്ള മാപ്പിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല. റോഡ് മാപ്പ് തയ്യാറാക്കാത്തതിനാൽ വഴിസൗകര്യത്തിന്റെ അടിസ്ഥാനത്തിലുള്ള നികുതി വർദ്ധനവ്, ഇളവ് എന്നിവ പരിശോധിക്കുന്നതിന് സാധിച്ചില്ല.

<u>സേവന ഉപനികുതി</u>

ഗ്രാമപഞ്ചായത്തിൽ 2023-24 വർഷം മുതൽ സേവന ഉപനികുതി ഈടാക്കുന്നുണ്ട് . ജലവിതരണത്തിനായി വസ്തുനികുതിയുടെ മൂന്ന് ശതമാനവും തെരുവ് വിളക്ക് പരിപാലനത്തിന് വസ്തുനികതിയുടെ രണ്ട് ശതമാനവും സേവന ഉപനികുതി ചുമത്തിയിട്ടുണ്ട്.

<u>തൊഴിൽ നികുതി</u>

സ്ഥാപനങ്ങൾ, ജീവനക്കാർ, സ്വയംതൊഴിലിൽ ഏർപ്പെട്ടിരിക്കുന്നവർ, അഭിഭാഷകർ, സ്വകാര്യ ഡോക്ടർമാർ, മറ്റു പ്രൊഫഷണലുകൾ, വിവിധ മരാമത്ത് പണികൾ ഏറ്റെടുത്തു നടത്തിയ കരാറുകാർ, ഗ്രാമപഞ്ചായത്തിലെ ബിൽഡിങ് പ്ലാനുകൾ തയ്യാറാക്കുന്ന എഞ്ചിനീയർമാർ, സൂപ്പർവൈസർമാർ, വാഹന ഉടമകൾ, ഗ്രാമപഞ്ചായത്ത് പരിധിയിലുള്ള റേഷൻ വ്യാപാരികൾ, സ്വകാര്യ സ്കൂളുകൾ/കോളേജുകൾ തുടങ്ങി തൊഴിൽ നികുതി കൊടുക്കാൻ ബാധ്യസ്ഥരായവരുടെ സമ്പൂർണ്ണ ഡാറ്റാ ബേസ് സൂക്ഷിക്കുന്നില്ല.നികുതി അടവാക്കിയവരുടെ വിവരങ്ങൾ മാത്രമാണ് ഡിമാന്റ് രജിസ്റ്ററിൽ എഴുതി സൂക്ഷിച്ചിട്ടുള്ളത്.

<u>വ്യവസായങ്ങൾക്കും ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭപ്രവർത്തനങ്ങൾക്കും മറ്റു സേവനങ്ങൾക്കും ലൈസൻസ്</u>

ഗ്രാമപഞ്ചായത്തിലെ ആകെ നോൺ റെസിഡൻഷ്യൽ കെട്ടിടങ്ങളുടെയും ലൈസൻസ് അനുവദിച്ച കെട്ടിടങ്ങളുടെയും എണ്ണം പരിഗണിക്കുമ്പോൾ വൻവ്യത്യാസം കാണുന്നുണ്ട്. ആയത് പരിശോധിക്കേണ്ടതും വരുമാന നഷ്ടം ഇല്ല എന്ന് ഉറപ്പ് വരുത്തേണ്ടതുമാണ്.

<u>വാടക</u>

പഞ്ചായത്ത് കോമ്പൗണ്ടിലെ 11 കടമുറികളിൽ 10 മുറികൾ വാടകക്ക് നൽകിയിട്ടുണ്ട്.എന്നാൽ മത്സ്യ മാർക്കറ്റിലെ 8 കടമുറികളും ഒഴിഞ്ഞുകിടക്കുകയാണ്.വാടകയിനത്തിൽ 977254 രൂപ കുടിശ്ശികയുണ്ട്. ആയതിന് റെവന്യൂ റിക്കവറി നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

ലേലം

2022-23 വർഷത്തിൽ പൊളിച്ച മാറ്റിയ കെട്ടിട സാമഗ്രികളുടെ ലേലം, തെങ്ങുകളുടെ ലേലം, മത്സ്യലേലം എന്നിവയാണ് നടന്നിട്ടുള്ളത്. പൊളിച്ച മാറ്റിയ കെട്ടിട സാമഗ്രികൾ പലതും നഷ്ടപ്പെട്ടതിനാൽ വാല്വേഷൻ തുക ലഭ്യമാകാതെ ലേലം ഉറപ്പിക്കേണ്ടി വന്നിട്ടുണ്ട്. ലേലം നടപടികൾ ദീർഘിക്കുന്നത് വസ്തുക്കൾ നഷ്ടപ്പെടുന്നതിന് കാരണമാകുന്നതാണ്. വസ്തുക്കൾ നഷ്ടമാകാതെ എത്രയും പെട്ടെന്ന് ലേലം നടത്താനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

മറ്റിനങ്ങൾ

പഞ്ചായത്തിലെ വരുമാനം പ്രധാനമായും വാണിജ്യ സ്ഥാപനങ്ങളെ ആശ്രയിച്ചാണ്. ആയതിനാൽ തന്നെ മേൽ മേഖലയിൽ നിന്നും വരുമാനം കൂടുതൽ ലഭിക്കുന്നതിനുള്ള പദ്ധതികൾ ആസൂത്രണം ചെയ്യേണ്ടതുണ്ട്. പഞ്ചായത്തിന് ആകർഷകമായ സ്ഥലത്ത് കടമുറികൾ ഉണ്ടെങ്കിലും കാലപ്പഴക്കം മൂലം വാടകക്ക് നൽകാനാവാത്ത സ്ഥിതിയാണ്. കംഫർട്ട് സ്റ്റേഷൻ അതി ശോചനീയമായ അവസ്ഥയിലാണ്. ബസ് സ്റ്റാന്റ് പിരിവ്, ഓട്ടോ ടാക്സി സ്റ്റാന്റ് പിരിവ് ലേലങ്ങൾക്ക് ആരും മുന്നോട്ട വരുന്നില്ല. കടമുറികൾ നവീകരിക്കുന്നതിനും കംഫർട്ട് സ്റ്റേഷന്റെ ശോചനീയവസ്ഥ പരിഹരിക്കുന്നതിനും അടിയന്തിര നടപടികൾ കൈക്കൊള്ളേണ്ടതുണ്ട്. ബസ് സ്റ്റാന്റ്, ഓട്ടോ ടാക്സി സ്റ്റാന്റ് എന്നിവ ആധുനികവത്ക്കരിക്കുന്നതിലൂടെ പഞ്ചായത്തിന്റെ വികസനത്തിന് മുതൽ കൂട്ടാകുന്നതാണ്. മേൽ വിഷയങ്ങളിലേക്ക് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 1-10 രസീതുകളും അക്കൗണ്ടും - അപാകങ്ങൾ

1. ഡേ ബുക്കിൽ മുഴുവൻ രസീതുകളും ഉൾപ്പെട്ടിട്ടില്ല

23.1.23 തീയതിയിലെ ഡേ ബുക്ക്(കൗണ്ടർ ഓൾ) പ്രകാരം 12,152/- ആണ് അന്നേ ദിവസത്തെ കളക്ഷൻ തുക. എന്നാൽ പ്രസ്തുത ദിവസത്തെ ക്യാഷ് ബുക്ക് പ്രകാരം 50,651/- രൂപ കളക്ഷൻ ഉണ്ട്. കൂടാതെ 24.1.23 ന് 50,651/- തുകയാണ് ബാങ്കിൽ അടവാക്കിയിട്ടുള്ളത്. അതായത് ഡേ ബുക്ക് പ്രകാരമുള്ള കളക്ഷൻ തുകയേക്കാൾ 38,499/- രൂപ അധികമായി അടവാക്കിയിട്ടുണ്ട്. പ്രസ്തുത തീയതിയിൽ ക്യാമ്പ് കളക്ഷൻ നടന്നതിന്റെ കളക്ഷൻ തുക ഡേ ബുക്കിൽ രേഖപ്പെടുത്തൽ വരുകയും അന്നേ ദിവസം ഫ്രണ്ട് ഓഫീസ് മുഖേന വന്ന കളക്ഷൻ തുക ഡേ ബുക്കിൽ വരവ് വന്നിട്ടില്ലായെന്നും ആയതിനാൽ ഫ്രണ്ട് ഓഫീസിൽ ശേഖരിച്ച തുക ഡേ ബുക്കിൽ ലഭ്യമാക്കുന്നതിനു നടപടി സ്വീകരിക്കുന്നതിനായി 24.1.2023 ഇത് IKM നു പരാതി നൽകിയിട്ടുണ്ട്. പ്രസ്തുത പരാതിയുടെ നിലവിലെ സ്ഥിതി അറിയിക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നമ്പർ 11/25.11.2023) പ്രസ്തുത തീയതിയിൽ അക്കൗണ്ടന്റ് കിലയിൽ പരിശീലനത്തിലായിരുന്നതിനാൽ സീനിയർ ക്ലർക്കിനു അക്കൗണ്ടന്റ് ചാർജ് നൽകിയിരുന്നെന്നും അക്കൗണ്ടന്റ് ചാർജുള്ള ഓപ്പറേറ്റർ ഫ്രണ്ട് ഓഫീസിൽ ലോഗിൻ ചെയ്യാൽ അന്നേ ദിവസത്തെ ഫ്രണ്ട് ഓഫീസ് കളക്ഷൻ തുകയുടെ വിവരങ്ങൾ ഡേ ബുക്കിൽ ലഭ്യമാവുകയില്ല എന്ന് IKM മറുപടി ലഭ്യമാക്കിയതായും എന്നാൽ അക്കൗണ്ടന്റ് റോൾ റിമൂവ് ചെയ്യതിനു ശേഷവും ഡാറ്റ ലഭ്യമാവാത്തതു സംബന്ധിച്ച് 62759 നമ്പറായി 25.11.2023 തീയതിയിൽ വീണ്ടും പരാതി രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും മറുപടി ലഭ്യമാക്കിയിട്ടുണ്ട്. അക്കൗണ്ടന്റ് ചാർജുള്ള ഉദ്യോഗസ്ഥൻ ഫ്രണ്ട് ഓഫീസ് ലോഗിൻ ഉപയോഗിക്കുന്നത് ഒഴിവാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്. 22759 നമ്പറായി 25.11.2023 തീയതിയിൽ രജിസ്റ്റർ ചെയ്ത പരാതിയുടെ തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയേക്കേണ്ടതാണ്.

2. 10037 നമ്പർ രസീത് ബുക്കിലെ 2, 3 നമ്പർ രസീതുകളുടെ ഒറിജിനൽ പാർട്ടിക്ക് നൽകുകയും ഡ്യൂപ്ലിക്കേറ്റ് ഓഫീസിൽ സൂക്ഷിക്കുകയുമാണ് ചെയ്യുന്നത്. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്)ചട്ടങ്ങൾ 2011 ചട്ടം 20, കെ.ടി.സി. വോളിയം 1 ആർട്ടിക്കിൾ 90(എ) എന്നിവ പ്രകാരം രസീതുകളുടെ ഒറിജിനൽ ഓഫീസിൽ സൂക്ഷിക്കുകയും ഡ്യൂപ്ലിക്കേറ്റ് പാർട്ടിക്ക് നൽകുകയുമാണ് ചെയ്യേണ്ടിയിരുന്നത്.
രസീത് പരിപാലനവുമായി ബന്ധപ്പെട്ട ചട്ടങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 8, 11/25.11.2023)

## 1-11 പോസ്റ്റ് ഒക്യൂപൻസി ഓഡിറ്റ് നടത്തി നികുതി ചോർച്ച ഒഴിവാക്കേണ്ടതാണ്

കേരള പഞ്ചായത്ത് രാജ് (കെട്ടിടനിർമ്മാണ) ചട്ടങ്ങൾ 2019, ചട്ടം 21-ൽ പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്തണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. രണ്ട് നിലകൾ വരെയുള്ള വാസഗൃഹങ്ങൾ, 50ച.മീ. വരെയുള്ള വാണിജ്യ കെട്ടിടങ്ങൾ, ആരാധനാ കെട്ടിടങ്ങൾ, ഗ്രൂപ്പ് ജി1, ജി2, ഐ. ഒക്യുപ്പൻസികൾ എന്നിവ ഒഴികെയുള്ള

കെട്ടിടങ്ങൾക്ക് ഒക്യൂപ്പൻസി സർട്ടിഫിക്കറ്റ് നൽകി രണ്ട് വർഷത്തിനുള്ളിൽ സെക്രട്ടറി പോസ്റ്റ് ഒക്യൂപ്പൻസി ഓഡിറ്റ് നടത്തേണ്ടതാണെന്നും ഒക്യൂപ്പൻസി സർട്ടിഫിക്കറ്റ് അനുവദിച്ച് രണ്ട് വർഷത്തിന് ശേഷം ഏത് സമയത്തും പോസ്റ്റ് ഒക്യൂപ്പൻസി ഓഡിറ്റ് നടത്തുവാൻ സാധിക്കുന്നതാണെന്നും പ്രസ്തുത ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. പഞ്ചായത്തിൽ പോസ്റ്റ് ഒക്യൂപ്പൻസി ഓഡിറ്റ് നടത്തുന്നത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 6/24.11.2023) മറുപടി ലഭ്യമാക്കിയില്ല. മേൽ ചട്ട പ്രകാരമുള്ള പോസ്റ്റ് ഒക്യൂപൻസി ഓഡിറ്റ് നടത്തി അനധികൃത നിർമ്മാണങ്ങൾ കണ്ടെത്തേണ്ടതും അവയിൽ നിന്നും നിയമാനുസൃത വസ്തു നികുതി ഈടാക്കുന്നുണ്ടെന്ന് ഉറപ്പാക്കേണ്ടതുമാണ്.

## 1-12 ഒഴിഞ്ഞു കിടക്കുന്ന കെട്ടിടങ്ങളുടെ നികുതി ഇളവ് - അപാകങ്ങൾ

2011ലെ കേരളപഞ്ചായത്ത് രാജ് (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, ചട്ടം 21 പ്രകാരം ഏതെങ്കിലും ഒരു കെട്ടിടം ഒരു അർദ്ധവർഷത്തിൽ അറുപത് ദിവസമോ അതിൽ കൂടുതലോ ആയ കാലത്തേയ്ക്ക് ഒഴിഞ്ഞ് കിടന്നിട്ടുണ്ടെങ്കിൽ ഒഴിഞ്ഞ് കിടന്ന ദിവസങ്ങളുടെ എണ്ണത്തിന് ആനുപാതികമായി വാർഷിക നികുതിയിൽ ഇളവ് നൽകാവുന്നതാണ്. ചട്ടം 21(2)(ബി) പ്രകാരം കെട്ടിട ഉടമ നൽകുന്ന അപേക്ഷയുടെ തീയതി മുതൽക്കോ കെട്ടിടം ഒഴിഞ്ഞ് കിടക്കുന്ന തീയതി മുതൽക്കോ, ഇതിൽ ഏത് ഒടുവിൽ വരുന്നുവോ ആ തീയതി മുതലാണ് നികുതി ഇളവ് കണക്കാക്കേണ്ടതാണ്. എന്നാൽ മേൽ ചട്ടം പാലിക്കാതെ താഴെപ്പറയുന്ന കെട്ടിടങ്ങൾക്ക് വസ്തുനികുതിയിൽ ഇളവ് അനുവദിച്ചു നൽകിയിട്ടുണ്ട് ( വാർഡ് നമ്പർ 2,3 എന്നീ വാർഡുകളിലെ വിവരങ്ങൾ മാത്രം സഞ്ചയയിൽ പരിശോധിച്ചതിൽ നിന്ന്).

| ക്രമ നമ്പർ | കെട്ടിട നം. | കെട്ടിട ഉടമ | ഫയൽ നം./അപേക്ഷ തീയതി | ഒഴിവാക്കിയ കാലയളവ് |
|---|---|---|---|---|
| 1 | 2/373 To 378 | കെ എ ജോൺസൻ | Jc3/1004/22 15.9.2022 | 1.4.2022-30.9.2022 |
| 2 | 2/373 To 378 | കെ എ ജോൺസൻ | Sc2/3259/23 16.2.2023 | 1.10.2022-31.3.2023 |
| 3 | 2/518 To 520,543 A,545 A ,546 A,547 A,548 A,549 A | സമീർ ഷാഫത്, അബ്ദുൽ റഹീം, ഹഫീസ | Sc2/80/23 16.2.2023 | 1.10.2022-31.3.2023 |
| 4 | 2/73,92,107,112,113,117, 118,119,122,123,124,125, 145,148,149,150 | അബ്ദുൽ ജലീൽ | 2217/ 7.2.2023 | 1.4.2022-30.9.2022 |
| 5 | 3/214,215 | നഫീസ | 270/22 22.9.2022 | 1.4.2022-30.9.2022 |
| 6 | 3/136,137 | ഫാത്തിമ | Sc2/1962/22 7.2.2023 | 1.10.2022-31.3.2023 |
| 7 | 3/139 | ഫാത്തിമ | Sc2/22/23 16.2.2023 | 1.11.2022-31.3.2023 |
| 8 | 3/58K,L,P | മുഹമ്മദ് അഷ്റഫ് & റസിയ | Sc2/84/23 16.2.2023 | 1.10.2022-31.3.2023 |
| 9 | 3/141 To 145 | ഫാത്തിമ | 101/22 22.9.2022 | 1.4.2022-30.9.2022 |
| 10 | 3/141 To 145 | ഫാത്തിമ | Sc2/1907/23 25.2.2023 | 1.10.2022-31.3.2023 |

| | | | | |
|---|---|---|---|---|
| 11 | 3/167 B,169 | സണ്ണി | Jc3 22.9.2022 | 1.4.2022-30.9.2022 |
| 12 | 3/213A | അനീഷ് | Jc3/22 15.9.2022 | 8.6.2022-30.9.2022 |

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക (നമ്പർ 6/24.11.2023) മറുപടി ലഭ്യമാക്കിയില്ല. നികുതി ഇളവ് നൽകുമ്പോൾ ബന്ധപ്പെട്ട ചട്ടങ്ങൾ പാലിച്ച കൊണ്ട് മാത്രം ഇളവ് നല്കാൻ ശ്രദ്ധിക്കേണ്ടതാണ്. മേൽപറഞ്ഞ കെട്ടിടങ്ങളിൽ നിന്ന് ചട്ടപ്രകാരം അർഹമായ വസ്തുനികുതി കണക്കാക്കി ഈടാക്കന്നതിനൊടൊപ്പം 2022-23 സാമ്പത്തിക വർഷത്തിൽ ഇളവ് നൽകിയ എല്ലാ കെട്ടിടങ്ങൾക്കും ചട്ടങ്ങൾ പാലിച്ച കൊണ്ടാണ് ഇളവ് നല്കിയിട്ടുള്ളതെന്ന ഉറപ്പ് വരുത്തേണ്ടതും അല്ലാത്ത പക്ഷം അത്തരം കെട്ടിടങ്ങളിൽ നിന്ന് അർഹമായ വസ്തുനികുതി കണക്കാക്കി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതുമാണ്.

## 1-13 മൊബൈൽ ടവർ വസ്തു നികുതി-തറവിസ്തീർണം കൃത്യമാണോ എന്ന് വ്യക്തമല്ല

മൊബൈൽ ടവറുകളുടെ വസ്തു നികുതി കണക്കാക്കുന്നതിനുള്ള തറ വിസ്തീർണത്തിൽ മൊബൈൽ ടവറുകളുടെ തറവിസ്തീർണം + ജനറേറ്റർ + മറ്റ അനുബന്ധ ഉപകരണങ്ങൾ സ്ഥാപിച്ചിരിക്കുന്ന തറയുടെ വിസ്തീർണം എന്നിവ ഉൾപ്പെടുത്തി തറവിസ്തീർണം കണക്കാക്കേണ്ടതാണെന്ന തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 26.2.2022 ലെ ആർ.ഡി.3/94/2020ത.സ്വ.ഭ.വ നമ്പർ സർക്കുലർ പ്രകാരം സ്പഷ്ടീകരണം നൽകിയിട്ടുണ്ട്. പാവറട്ടി പഞ്ചായത്തിലെ മൊബൈൽ ടവറുകളുടെ (9 എണ്ണം) വസ്തു നികുതി കണക്കാക്കിയിട്ടുള്ളത് മേൽ സർക്കുലർ പ്രകാരമുള്ള തറവിസ്തീർണത്തിന്റെ അടിസ്ഥാനത്തിലാണോയെന്ന വിവരം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (ഓഡിറ്റ് എൻക്വയറി നമ്പർ 6/24.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. പഞ്ചായത്തിലെ മൊബൈൽ ടവറുകളുടെ വസ്തു നികുതി കണക്കാക്കുന്നതിനായി സർക്കാർ നിഷ്കർഷിച്ച തറവിസ്തീർണമാണ് ഉപയോഗിച്ചിട്ടുള്ളതെന്ന ഉറപ്പ് വരുത്തേണ്ടതാണ്. അല്ലാത്തപക്ഷം നികുതി പുനർനിർണയിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതും കുറവായി ഈടാക്കിയ നികുതി പഞ്ചായത്ത് രാജ് നിയമത്തിലെ 243-ാം വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് പിരിച്ചെടുക്കാൻ നടപടി ഉണ്ടാകേണ്ടതുമാണ്.

## 1-14 സർക്കാർ ഉത്തരവു പ്രകാരമുള്ള അടിസ്ഥാന വസ്തുനികുതി നിരക്കുകൾ സഞ്ചയയിൽ ഉൾപ്പെടുത്തിയിട്ടില്ല

സ.ഉ (അ) നം. നമ്പർ 36/2015/തസ്വഭവ. തീയതി 24/02/2015 പ്രകാരം , വിദ്യാഭ്യാസ സ്ഥാപനത്തിന്റെ കോമ്പൗണ്ടിൽ വരുന്നതും അതിന്റെ മാത്രം ആവശ്യങ്ങൾക്ക് ഉപയോഗിക്കുന്നതുമായ ഓഡിറ്റോറിയം, കാന്റീൻ, വർക്ക്ഷോപ്പ് (അണ്ടർടേക്കിങ്ങിന്റെ അടിസ്ഥാനത്തിൽ) എന്നീ ഉപയോഗ ഗണത്തിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി കുറഞ്ഞത് 3രൂപ / ച.മീ.യും കൂടിയത് 8 രൂപ / ച.മീ. എന്ന നിരക്കിലും, ആയുർവ്വേദ സുഖചികിത്സാ കേന്ദ്രങ്ങൾ എന്ന ഉപയോഗ ഗണത്തിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി കുറഞ്ഞത് 150രൂപ / ച.മീ.യും കൂടിയത് 160 രൂപ / ച.മീ. എന്ന നിരക്കിലും നിശ്ചയിക്കേണ്ടതാണ്. കൂടാതെ സ.ഉ (അ) നം. നമ്പർ 53/2020/തസ്വഭവ. തീയതി 08/09/2020 പ്രകാരം റെസിഡൻഷ്യൽ ഹോം സ്റ്റേ എന്ന ഉപയോഗ ഗണത്തിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി കുറഞ്ഞത് 10 രൂപ / ച.മീ.യും കൂടിയത് 25 രൂപ / ച.മീ. എന്ന നിരക്കിലും നിശ്ചയിക്കേണ്ടതാണ്. സഞ്ചയയിൽ സെറ്റ് ചെയ്തിട്ടുള്ള വസ്തുനികുതി അടിസ്ഥാന നിരക്കുകളുടെ പട്ടികയിൽ മേൽ ഉത്തരവു പ്രകാരമുള്ള ഉപയോഗഗണങ്ങളിലുള്ള കെട്ടിടങ്ങൾക്ക് അടിസ്ഥാന വസ്തുനികുതി നിരക്ക് നിശ്ചയിച്ച് ഉൾപ്പെടുത്തിയിട്ടില്ല.ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 6/24.11.2023) മറുപടി ലഭ്യമാക്കിയില്ല.വസ്തു നികുതി പരിഷ്കരണത്തിന്റെ ഭാഗമായി സഞ്ചയയിൽ മാറ്റങ്ങൾ വരുത്തുമ്പോൾ മേൽ ഉപയോഗ ഗണങ്ങളിലെ നിരക്ക് നിശ്ചയിച്ച സഞ്ചയയിൽ ഉൾപ്പെടുത്തേണ്ടതാണ്.

## 1-15 ആയുർവേദ സുഖചികിത്സാ കേന്ദ്രങ്ങളെ റിസോർട്ട് ഗണത്തിൽ ഉൾപ്പെടുത്തി വസ്തുനികുതി നിർണ്ണയിച്ചിരിക്കുന്നു-പഞ്ചായത്തിന് ഭീമമായ വരവ് നഷ്ടം

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ നിന്നും പാവറട്ടി ഗ്രാമ പഞ്ചായത്തിൽ 10/335 A മുതൽ J വരെ നമ്പറുകളിലായി 10 റിസോർട്ടുകൾക്ക് നമ്പർ നൽകിയിട്ടുണ്ട്. രാജ ആയുർവേദിക് ഹോസ്പിറ്റൽ, രാജ ഐലൻഡ് എന്ന സ്ഥാപനത്തിന്റെ കെട്ടിടങ്ങൾക്കാണ് റിസോർട്ടുകൾ എന്ന ഉപയോഗ ക്രമത്തിൽ കെട്ടിട നമ്പറുകൾ അനുവദിച്ചിട്ടുള്ളത്. മേൽ സ്ഥാപനത്തിന്റെ പഞ്ചായത്തിൽ പ്രദർശിപ്പിച്ചിട്ടുള്ള പരസ്യ ബോർഡുകൾ,

ഇന്റർനെറ്റിൽ നിന്നുള്ള പരസ്യങ്ങൾ എന്നിവ പരിശോധിച്ചതിൽ നിന്നും പ്രസ്തുത സ്ഥാപനം ആയുർവേദ സുഖചികിത്സാകേന്ദ്രമായാണ് പ്രവർത്തിക്കുന്നതെന്ന് വ്യക്തമാണ്. കൂടാതെ 2022-23 വർഷത്തിൽ പ്രസ്തുത സ്ഥാപനത്തിന് പഞ്ചായത്തിൽ നിന്ന് പാരാമെഡിക്കൽ ലൈസൻസ് അനുവദിച്ച് നൽകിയിട്ടുമുണ്ട് (പാരാമെഡിക്കൽ ലൈസൻസ് രജിസ്റ്റർ ക്രമ നമ്പർ 3, ഫയൽ നമ്പർ A6-1304 തീ.11.3.2022). എന്നാൽ ഖണ്ഡിക 1-14 ൽ പരാമർശിച്ച പ്രകാരം പഞ്ചായത്തിൽ സർക്കാർ ഉത്തരവ് (സ.ഉ (അ) നം. നമ്പർ 36/2015/ത.സ്വ.ഭ.വ. തീയതി 24/02/2015) അനുസരിച്ച് ആയുർവ്വേദ സുഖചികിത്സാ കേന്ദ്രങ്ങൾ എന്ന ഉപയോഗ ഗണത്തിലുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി കുറഞ്ഞത് 150 രൂപ / ച.മീ.യും കൂടിയത് 160 രൂപ / ച.മീ. എന്ന നിരക്കിൽ നിശ്ചയിക്കാത്തതിനാലും ഖണ്ഡിക 1-11 ൽ പരാമർശിച്ച പ്രകാരം പോസ്റ്റ് ഒക്യുപ്പൻസി ഓഡിറ്റ് നടത്താതിനാലും താഴെ കൊടുത്തിരിക്കുന്ന കെട്ടിടങ്ങൾ തെറ്റായി നികുതി നിർണ്ണയം നടത്തിയതിനാൽ പഞ്ചായത്തിന് വൻതോതിൽ വരുമാന നഷ്ടം സംഭവിക്കുന്നു.

| ക്രമ നം. | കെട്ടിട നം. | സ്ഥാപനത്തിന്റെ പേര് | വിസ്തീർണം (ച:മീ) | ഉപയോഗ ക്രമം | | നികുതി നിരക്ക് | | | അടിസ്ഥാന നികുതി | | | വ്യത്യാസം | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | സഞ്ചയയിൽ രേഖപ്പെടുത്തിയത് | രേഖപ്പെടുത്തേണ്ടിയിരുന്നത് | സഞ്ചയയിൽ രേഖപ്പെടുത്തിയത് | രേഖപ്പെടുത്തേണ്ടിയിരുന്നത് | | സഞ്ചയയിൽ രേഖപ്പെടുത്തിയത് | രേഖപ്പെടുത്തേണ്ടിയിരുന്നത് | | | |
| | | | | | | | മിനിമം | മാക്സിമം | | മിനിമം | മാക്സിമം | മിനിമം | മാക്സിമം |
| 1 | 10/335 A | രാജാ ഐലന്റ് | 55.65 | റിസോർട്ടുകൾ | അയുർവേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ | 90 | 150 | 160 | 5008.5 | 8347.5 | 8904 | 3339 | 3895.5 |
| 2 | 10/335 B | രാജാ ഐലന്റ് | 67 | റിസോർട്ടുകൾ | അയുർവേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ | 90 | 150 | 160 | 6030 | 10050 | 10720 | 4020 | 4690 |
| 3 | 10/335 C | രാജാ ഐലന്റ് | 131 | റിസോർട്ടുകൾ | അയുർവേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ | 90 | 150 | 160 | 11790 | 19650 | 20960 | 7860 | 9170 |
| 4 | 10/335 D | രാജാ ഐലന്റ് | 68.5 | റിസോർട്ടുകൾ | അയുർവേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ | 90 | 150 | 160 | 6165 | 10275 | 10960 | 4110 | 4795 |
| 5 | 10/335 E | രാജാ ഐലന്റ് | 67.84 | റിസോർട്ടുകൾ | അയുർവേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ | 90 | 150 | 160 | 6105.6 | 10176 | 10854.4 | 4070.4 | 4748.8 |
| 6 | 10/335 F | രാജാ ഐലന്റ് | 1360 | റിസോർട്ടുകൾ | അയുർവേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ | 90 | 150 | 160 | 122400 | 204000 | 217600 | 81600 | 95200 |
| 7 | 10/335 G | രാജാ ഐലന്റ് | 28.95 | റിസോർട്ടുകൾ | അയുർവേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ | 90 | 150 | 160 | 2605.5 | 4342.5 | 4632 | 1737 | 2026.5 |
| 8 | 10/335 H | രാജാ ഐലന്റ് | 58.45 | റിസോർട്ടുകൾ | അയുർവേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ | 90 | 150 | 160 | 5260.5 | 8767.5 | 9352 | 3507 | 4091.5 |
| 9 | 10/335 I | രാജാ ഐലന്റ് | 73.5 | റിസോർട്ടുകൾ | അയുർവേദ സുഖ ചികിത്സാ കേന്ദ്രങ്ങൾ | 90 | 150 | 160 | 6615 | 11025 | 11760 | 4410 | 5145 |
| 10 | 10/335 J | രാജാ ഐലന്റ് | 684.05 | റിസോർട്ടുകൾ | അയുർവേദ സുഖ | 90 | 150 | 160 | 61564.5 | 102607.5 | 109448 | 41043 | 47883.5 |

| | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|
| | | | | ചികിത്സാ കേന്ദ്രങ്ങൾ | | | | | | | |
| ആകെ | | | | | | | 233544.6 | 389241 | 415190.4 | 155696.4 | 181645.8 |

ഇതു സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 6/24.11.2023) മറുപടി ലഭ്യമാക്കിയില്ല. സർക്കാർ നിഷ്കർഷിച്ച മാനദണ്ഡങ്ങൾ പ്രകാരം മേൽ പരാമർശിച്ച കെട്ടിടങ്ങളുടെ വസ്തു നികുതി കണക്കാക്കി പഞ്ചായത്തിന് പരമാവധി വരുമാനം ഉറപ്പാക്കുന്നതിനായി നികുതി പുനർനിർണ്ണയിക്കാനുള്ള നടപടി സ്വീകരിക്കേണ്ടതും കുറവായി ഈടാക്കിയ നികുതി പഞ്ചായത്ത് രാജ് നിയമത്തിലെ 243 ാം വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് പിരിച്ചെടുക്കാൻ നടപടി ഉണ്ടാകേണ്ടതുമാണ്.ഇതു സംബന്ധിച്ച സ്വീകരിച്ച നടപടികളുടെ വിവരങ്ങൾ ഈ റിപ്പോർട്ടിന്റെ ആദ്യ മറുപടിയോടൊപ്പം ഓഡിറ്റിന് ലഭ്യമാക്കേണ്ടതാണ്.

## 1-16 സർക്കാർ ഉത്തരവിന് വിരുദ്ധമായി തൊഴിലാളികൾക്ക് വേതനം നൽകുന്നു

തൊഴിൽ നികുതി റിട്ടേണുകൾ പരിശോധിച്ചതിൽ പല സ്ഥാപനങ്ങളും 1948ലെ ഏറ്റവും കുറഞ്ഞ കൂലി ആക്ടിലെ വിവിധ വകുപ്പുകൾ നൽകിയ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് തൊഴിൽ വകുപ്പ് ഇറക്കിയ വിവിധ സർക്കാർ ഉത്തരവുകൾ പ്രകാരം സ്ഥാപങ്ങൾ നൽകേണ്ട ഏറ്റവും കുറഞ്ഞ കൂലി നൽകാതെ സർക്കാർ നിഷ്കർഷിച്ചതിന് വിരുദ്ധമായാണ് തൊഴിലാളികൾക്ക് വേതനം നൽകുന്നതെന്ന് ഓഡിറ്റിന്റെ ശ്രദ്ധയിൽപ്പെട്ടു. ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു.

| ക്രമ നം. | സ്ഥാപനം | തൊഴിലാളി യുടെ പേര്/ ഉദ്യോഗപ്പേര് | റിട്ടേൺ പ്രകാരം പ്രതിമാസം നൽകുന്ന അടിസ്ഥാന വേതനം (രൂപ) | നിയമ പ്രകാരം നൽകേണ്ടുന്ന മിനിമം വേതനം (രൂപ) | സർക്കാർ ഉത്തരവ് |
|---|---|---|---|---|---|
| 1 | സെന്റ് ജോസഫ് സി എം ഐ സ്കൂൾ പാവറട്ടി | ആനി (ലഭ്യമല്ല) | 7028 | തസ്തിക അനുസരിച്ച 11130 രൂപ മുതൽ 16990 രൂപ വരെ | G.O.(P) No.22/2021/LBR Dated, Thiruvananthapuram, 11 Th February, 2021 (സംസ്ഥാനത്തെ സ്വകാര്യ വിദ്യാഭാസ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന അദ്ധ്യാപകേതര ജോലിയിൽ ഏർപ്പെട്ടിരി ക്കുന്ന തൊഴിലാളികൾക്ക് നൽകേണ്ട ഏറ്റവും കുറഞ്ഞ കൂലി സംബന്ധിച്ച ഉത്തരവ് ) |
| | | മെർലിൻ (ലഭ്യമല്ല) | 6870 | തസ്തിക അനുസരിച്ച 11130 രൂപ മുതൽ 16990 രൂപ വരെ | |
| | | ഷൈനി സേവ്യർ (ലഭ്യമല്ല) | 6135 | തസ്തിക അനുസരിച്ച 11130 രൂപ മുതൽ 16990 രൂപ വരെ | |
| | | സെബി ജോസ് (ലഭ്യമല്ല) | 6696 | തസ്തിക അനുസരിച്ച 11130 രൂപ മുതൽ 16990 രൂപ വരെ | |

| | | |
|---|---|---|
| ജെഫിൻ ജോർജ് (ലഭ്യമല്ല) | 6240 | തസ്തിക അനുസരിച്ച 11130 രൂപ മുതൽ 16990 രൂപ വരെ |
| അമ്മിണി (ലഭ്യമല്ല) | 6135 | തസ്തിക അനുസരിച്ച 11130 രൂപ മുതൽ 16990 രൂപ വരെ |
| ജിൻസി (ലഭ്യമല്ല) | 6135 | തസ്തിക അനുസരിച്ച 11130 രൂപ മുതൽ 16990 രൂപ വരെ |
| ശോഭ (ലഭ്യമല്ല) | 6135 | തസ്തിക അനുസരിച്ച 11130 രൂപ മുതൽ 16990 രൂപ വരെ |
| ലിസി (ലഭ്യമല്ല) | 6033 | തസ്തിക അനുസരിച്ച 11130 രൂപ മുതൽ 16990 രൂപ വരെ |
| ജിഷ (ലഭ്യമല്ല) | 6033 | തസ്തിക അനുസരിച്ച 11130 രൂപ മുതൽ 16990 രൂപ വരെ |
| ജോഷി (ലഭ്യമല്ല) | 6438 | തസ്തിക അനുസരിച്ച 11130 രൂപ മുതൽ 16990 രൂപ വരെ |
| ലിന്റൺ ആന്റണി (ലഭ്യമല്ല) | 6153 | തസ്തിക അനുസരിച്ച 11130 രൂപ മുതൽ 16990 രൂപ വരെ |
| സുമോജ് (ലഭ്യമല്ല) | 5905 | തസ്തിക അനുസരിച്ച 11130 രൂപ മുതൽ 16990 രൂപ വരെ |

| | | | | | |
|---|---|---|---|---|---|
| 2 | കൊശമറ്റം ഫിനാൻസ് | അഞ്ജലി (സ്റ്റാഫ്)) | 8000 | തസ്തിക അനുസരിച്ച 10150 രൂപ മുതൽ 20500 രൂപ വരെ | G.O. (P) No. 8/2020/LBR. Dated, Thiruvananthapuram, 16th January, 2020<br><br>(സംസ്ഥാനത്തെ സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽ തൊഴിലാളി കൾക്ക് നൽകേണ്ട ഏറ്റവും കുറഞ്ഞ കൂലി സംബന്ധിച്ച ഉത്തരവ് ) |
| | | ലിൻസി (ലഭ്യമല്ല) | 8000 | തസ്തിക അനുസരിച്ച 10150 രൂപ മുതൽ 20500 രൂപ വരെ | |
| | | പ്രജിത (ലഭ്യമല്ല) | 8000 | തസ്തിക അനുസരിച്ച 10150 രൂപ മുതൽ 20500 രൂപ വരെ | |
| 3 | സാൻജോ ചിറ്റ്സ് | ജെറോം (ലഭ്യമല്ല) | 3500 | തസ്തിക അനുസരിച്ച 8700 രൂപ മുതൽ 9330 രൂപ വരെ | G.O.(P) No.196/2016/LBR Dated, Thiruvananthapuram, 21 St December , 2016<br><br>(സംസ്ഥാനത്തെ കടകളിലും വ്യാപാര സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന തൊഴിലാളി കൾക്ക് നൽകേണ്ട ഏറ്റവും കുറഞ്ഞ കൂലി സംബന്ധിച്ച ഉത്തരവ് ) |
| 4 | സാറ്റ് വിഷൻ കേബിൾ ടി വി നെറ്റ്വർക്ക് | സുനികുമാർ (ലഭ്യമല്ല) | 6458 | തസ്തിക അനുസരിച്ച 1400 രൂപ മുതൽ 28100 രൂപ വരെ | G.O.(P) No.36/2020/LBR Dated, Thiruvananthapuram,7 Th March, 2020<br><br>(സംസ്ഥാനത്തെ കേബിൾ ടി വി .മേഖലയിൽ ജോലി ചെയ്യുന്ന തൊഴിലാളി കൾക്ക് നൽകേണ്ട ഏറ്റവും കുറഞ്ഞ കൂലി സംബന്ധിച്ച ഉത്തരവ് ) |
| | | സുജിത് (ലഭ്യമല്ല) | 7250 | തസ്തിക അനുസരിച്ച 1400 രൂപ മുതൽ 28100 രൂപ വരെ | |
| | | അക്ഷയ് കുമാർ (ലഭ്യമല്ല) | 6200 | തസ്തിക അനുസരിച്ച 1400 രൂപ മുതൽ 28100 | |

| | | | | | |
|---|---|---|---|---|---|
| | | | | രൂപ വരെ | |
| | | ശ്രീജിത്ത് (ലഭ്യമല്ല) | 7250 | തസ്തിക അനുസരിച്ച 1400 രൂപ മുതൽ 28100 രൂപ വരെ | |
| 5 | ഗാർഡൻ ബിസിനസ് സെന്റർ പ്രൈവറ്റ് ലിമിറ്റഡ് | സരിത (ബില്ലിംഗ്) | 1917 | 8910 | G.O.(P) No.196/2016/LBR Dated, Thiruvananthapuram, 21 St December , 2016<br><br>(സംസ്ഥാനത്തെ കടകളിലും വ്യാപാര സ്ഥാപനങ്ങളിലും ജോലി ചെയ്യുന്ന തൊഴിലാളി കൾക്ക് നൽകേണ്ട ഏറ്റവും കുറഞ്ഞ കൂലി സംബന്ധിച്ച ഉത്തരവ് ) |
| | | ചന്ദ്രിക (പാക്കിങ്) | 1211 | 8700 | |
| | | ഷേർലി (സെയിൽസ്) | 1739 | 8910 | |
| | | രതി (പാക്കിങ്) | 1648 | 8700 | |
| | | പുഷ്പ (സെയിൽസ്) | 1780 | 8910 | |
| | | റൂബി (പാക്കിങ്) | 1278 | 8700 | |
| | | ഓമന (പാക്കിങ്) | 1250 | 8700 | |
| | | രതി (പാക്കിങ്) | 1250 | 8700 | |
| | | പ്രസീത (സെയിൽസ്) | 1712 | 8910 | |
| | | വിദ്യ (അക്കൗണ്ടന്റ്) | 1814 | 8910 | |
| | | സൈമൺ (സെയിൽസ്) | 2903 | 8910 | |
| 6 | മെർക്കൽ ഫിനാൻസ് & ലീസിങ് ലിമിറ്റഡ് | പ്രമീള (ബ്രാഞ്ച് മാനേജർ) | 3087 | 20500 | G.O. (P) No. 8/2020/LBR. Dated, Thiruvananthapuram, 16th January, 2020<br><br>(സംസ്ഥാനത്തെ സ്വകാര്യ ധനകാര്യ സ്ഥാപനങ്ങളിൽ തൊഴിലാളി കൾക്ക് നൽകേണ്ട ഏറ്റവും കുറഞ്ഞ കൂലി സംബന്ധിച്ച ഉത്തരവ്) |
| | | രേഷ്മ (CRO) | 2583 | 14750 | |
| | | രാഹുൽ (CRO) | 2583 | 14750 | |

ഇത സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (എൻക്വയറി നമ്പർ 7/24.11.2023) മറുപടി ലഭ്യമാക്കിയില്ല.തൊഴിൽ വകുപ്പ് ഓരോ തൊഴിലിനും ബാധകമായിട്ടുള്ള മിനിമം വേതനം നിശ്ചയിച്ച് ഉത്തരവ് പുറപ്പെടുവിക്കാറുണ്ട്. സ്ഥാപനങ്ങൾ റിട്ടേൺ സമർപ്പിക്കുമ്പോൾ വേതനം വസ്തുനിഷ്ഠമായാണ്

രേഖപ്പെടുത്തുന്നതെന്ന് ഉറപ്പ് വരുത്തേണ്ടതാണ്. തൊഴിൽ നികുതിയിൽ ഇളവ് ലഭിക്കുന്നതിനായാണ് വേതനം കുറച്ച് കാണിക്കുന്നതെങ്കിൽ സ്ഥാപനത്തിനെതിരെ നടപടി സ്വീകരിക്കേണ്ടതാണ് അല്ലാത്തപക്ഷം തൊഴിലാളികളെ ചൂഷണം ചെയ്യുന്ന ഇത്തരം സ്ഥാപനങ്ങളുടെ വിവരം തൊഴിൽ വകുപ്പിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്. ആവശ്യമായ നടപടി സ്വീകരിച്ച് വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-17 തൊഴിൽ നികുതി പൂർണമായും ഈടാക്കിയില്ല

താഴെ പറയുന്ന ജീവനക്കാരിൽ നിന്നും 2022-23 സാമ്പത്തിക വർഷത്തെ തൊഴിൽ നികുതി പൂർണമായും ഈടാക്കിയിട്ടില്ല. കുറവായി ഈടാക്കിയ തൊഴിൽ നികുതി പഞ്ചായത്ത് രാജ് നിയമത്തിലെ 243-ാം വകുപ്പ് നൽകിയ അധികാരം ഉപയോഗിച്ച് പിരിച്ചെടുക്കാൻ നടപടി ഉണ്ടാകേണ്ടതാണ്.

| ക്രമ നമ്പർ | പേര് | സ്ഥാപനം | അർദ്ധ വർഷം | വരുമാനം | ഈടാക്കേണ്ടിയിരുന്ന നികുതി | ഈടാക്കിയ നികുതി | കുറവ് | രസീത് നമ്പർ/ തീയതി |
|---|---|---|---|---|---|---|---|---|
| 1 | ഫാദർ ലിജോയ് (കൗൺസിലർ) | സെന്റ് ജോസഫ് സി എം ഐ സ്കൂൾ പാവറട്ടി | രണ്ടാം അർദ്ധവർഷം | 102500 | 1000 | 750 | 250 | 1220102146/ 20.2.2023 |
| 2 | ഫാദർ ഡിജോ പോൾ (സ്പെഷ്യൽ എഡ്യൂക്കേറ്റർ) | സെന്റ് ജോസഫ് സി എം ഐ സ്കൂൾ പാവറട്ടി | രണ്ടാം അർദ്ധവർഷം | 102500 | 1000 | 750 | 250 | |
| 3 | ആന്റോ | സി എസ് ബി പാവറട്ടി | രണ്ടാം അർദ്ധവർഷം | 135000 | 1250 | 1000 | 250 | 1220103439/ 29.3.2023 |
| 4 | ശാരി | സി എസ് ബി പാവറട്ടി | രണ്ടാം അർദ്ധവർഷം | 90000 | 750 | 300 | 450 | 1220103440/ 29.3.2023 |
| 5 | പൂജ രാജൻ (കസ്റ്റമർ സെയിൽസ് എക്സിക്യൂട്ടീവ്) | മുത്തൂറ്റ് ഫിൻകോർപ്പ് | രണ്ടാം അർദ്ധവർഷം | 91680 | 750 | 300 | 450 | 1220102497/ 28.2.2023 |
| 6 | വിതുൽ (കസ്റ്റമർ സെയിൽസ് എക്സിക്യൂട്ടീവ്) | മുത്തൂറ്റ് ഫിൻകോർപ്പ് | രണ്ടാം അർദ്ധവർഷം | 78480 | 750 | 450 | 300 | |
| 7 | അനഘ (കസ്റ്റമർ സെയിൽസ് എക്സിക്യൂട്ടീവ്) | മുത്തൂറ്റ് ഫിൻകോർപ്പ് | രണ്ടാം അർദ്ധവർഷം | 78480 | 750 | 300 | 450 | |
| 8 | ബിജി മോൾ (ബ്രാഞ്ച് ഇൻ ചാർജ്) | എം സി കെ നിധി ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം | 105000 | 1000 | 750 | 250 | 1220103462/ 30.3.2023 |
| 9 | ദിവ്യ (അസ്സിസ്റ്റന്റ്) | എം സി കെ നിധി ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം | 96000 | 750 | 720 | 30 | |
| 10 | തോമസ് (മാനേജർ ഇൻ ചാർജ്) | പാവറട്ടി ട്രേഡിങ്ങ് കോ ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം | 78000 | 750 | 300 | 450 | 1220103251/ 24.3.2023 |
| 11 | വിൻസെന്റ് (മാനേജർ ഇൻ ചാർജ്) | പാവറട്ടി ട്രേഡിങ്ങ് കോ | രണ്ടാം അർദ്ധവർഷം | 78000 | 750 | 300 | 450 | |

| | | | | | | | | |
|---|---|---|---|---|---|---|---|---|
| | | ലിമിറ്റഡ് | | | | | | |
| 12 | ബീന (ക്ലർക്ക്) | പാവറട്ടി ട്രേഡിങ്ങ് കോ ലിമിറ്റഡ് | രണ്ടാം അർദ്ധവർഷം | 60000 | 600 | 300 | 300 | |
| 13 | വിനീത (അക്കൗണ്ടന്റ്) | സി ഡി സ്റ്റോഴ്സ് | രണ്ടാം അർദ്ധവർഷം | 60000 | 600 | 450 | 150 | 1220103748/ 24.3.2023 |
| 14 | ഷിജിൽ (കാഷ്യർ) | സി ഡി സ്റ്റോഴ്സ് | രണ്ടാം അർദ്ധവർഷം | 60000 | 600 | 450 | 150 | |
| 15 | വിനീത (അക്കൗണ്ടന്റ്) | സി ഡി സ്റ്റോഴ്സ് | ഒന്നാം അർദ്ധവർഷം | 60000 | 600 | 450 | 150 | 1220103247/ 24.3.2023 |
| 16 | ഷിജിൽ (കാഷ്യർ) | സി ഡി സ്റ്റോഴ്സ് | ഒന്നാം അർദ്ധവർഷം | 60000 | 600 | 450 | 150 | |
| 17 | തോമസ് (മാനേജർ ഇൻ ചാർജ്) | പാവറട്ടി ട്രേഡിങ്ങ് കോ ലിമിറ്റഡ് | ഒന്നാം അർദ്ധവർഷം | 127170 | 1250 | 750 | 500 | 1220202285/ 24.9.2022 |
| 18 | വിൻസെന്റ് (മാനേജർ ഇൻ ചാർജ്) | പാവറട്ടി ട്രേഡിങ്ങ് കോ ലിമിറ്റഡ് | ഒന്നാം അർദ്ധവർഷം | 84500 | 750 | 300 | 450 | |
| 19 | ബീന (ക്ലർക്ക്) | പാവറട്ടി ട്രേഡിങ്ങ് കോ ലിമിറ്റഡ് | ഒന്നാം അർദ്ധവർഷം | 85708 | 750 | 450 | 300 | |
| 20 | സുനി (സെയിൽസ് മാനേജർ) | ജെ വി എസ് സ്റ്റീൽസ് | രണ്ടാം അർദ്ധവർഷം | 66000 | 600 | 450 | 150 | 1220103053/ 15.3.2023 |
| | ആകെ | | | | | | 5880 | |

മേൽ സൂചിപ്പിച്ച വ്യക്തികളിൽ നിന്നും കുറവ് വന്ന തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ് (ഓഡിറ്റ് എൻക്വയറി നമ്പർ 7/24.11.2023).

## 1-18 തൊഴിൽ നികുതി - മറ്റു അപാകതകൾ

പഞ്ചായത്തിന്റെ തൊഴിൽ നികുതിയുമായി ബന്ധപ്പെട്ട് രജിസ്റ്ററും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ കണ്ടെത്തിയ മറ്റ് അപാകതകൾ ചുവടെ ചേർക്കുന്നു.

1. പഞ്ചായത്തിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾ, ഓഡിറ്റോറിയം എന്നിവയിൽ നിന്നും 2022-23 വർഷം തൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയില്ല.

2. 2022-23 വർഷത്തെ പഞ്ചായത്തിന് കീഴിലുള്ള മരാമത്ത് പ്രവർത്തികൾ ഏറ്റെടുത്ത കരാറുകാരുടെ പേരും മേൽ വിലാസവും പഞ്ചായത്ത് പരിധിയിലുള്ള അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശവും ലഭ്യമാക്കിയില്ല.

3. പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന എല്ലാ ലൈസൻസ്ഡ് ബിൽഡിംഗ് സൂപ്പർവൈസർമാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയതിന്റെ വിശദാംശവും ലഭ്യമാക്കിയില്ല.

4. ഓഡിറ്റിന് സമർപ്പിച്ച പല പത്രികകളിലും ജീവനക്കാരുടെ ശമ്പള വിവരങ്ങൾ രേഖപെടുത്തിയിട്ടില്ലാത്തതിനാൽ തൊഴിൽ നികുതി ഈടാക്കിയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല ഉദാ: പോസ്റ്റ് ഓഫീസ് പാവറട്ടി, വിവിധ കള്ളുഷോപ്പുകളുടെ എന്നിവയുടെ പത്രികകകൾ

5. പഞ്ചായത്തിലെ ബി.എസ്.എൻ.എൽ സ്ഥാപനത്തിൽ നിന്നും സ്ഥാപനതൊഴിൽ നികുതി ഈടാക്കിയതിന്റെ വിവരങ്ങൾ ലഭ്യമാക്കിയിട്ടില്ല. ഡബ്ല്യൂ.പി.സി 16670/06 നം. കേസിന്റെ അന്തിമ വിധിയിൽ സ്ഥാപനതൊഴിൽ നികുതി ഈടാക്കുന്നതിൽ നിന്നും ബി.എസ്.എൻ.എൽ സ്ഥാപനങ്ങളെ ഒഴിവാക്കണമെന്ന വാദം ബഹു. കേരള ഹൈക്കോടതി തള്ളിയ സാഹചര്യത്തിൽ ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന ബി.എസ്.എൻ.എൽ

സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

മേൽ പരാമർശിച്ച സ്ഥാപനങ്ങൾ/വ്യക്തികളിൽ നിന്ന് തൊഴിൽ നികുതി ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നമ്പർ 7/24.11.2023)

## 1-19 റേഷൻ കടകൾ, മാവേലി സ്റ്റോറുകൾ, കള്ളു ഷാപ്പുകൾ എന്നിവ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1994 ലെ കേരള പഞ്ചായത്ത് രാജ് നിയമത്തിലെ 232 ആം വകുപ്പ് പ്രകാരം ലൈസൻസ് കൂടാതെ ഏതാവശ്യത്തിനും സ്ഥലങ്ങൾ ഉപയോഗിക്കാൻ പാടില്ല. 1996-ലെ കേരള പഞ്ചായത്ത് രാജ് (ഫാക്ടറികൾക്കും വ്യാപാരങ്ങൾക്കും സംരംഭക പ്രവർത്തനങ്ങൾക്കും മറ്റ് സേവനങ്ങൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പട്ടിക ഒന്നിലെ ക്രമ നം.149 പ്രകാരം റേഷൻ കടയ്ക്ക് പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്നതിന് പഞ്ചായത്തിൻറെ ലൈസൻസ് ആവശ്യമാണ്. നിലവിലുള്ള ചട്ടങ്ങൾ പ്രകാരം റേഷൻ കടകളെ ലൈസൻസ് ഫീസ്, തൊഴിൽ നികുതി എന്നിവയിൽ നിന്നും ഒഴിവാക്കാൻ കഴിയുകയില്ലെന്ന് 22.01.2019 ലെ (സി.എസ്)എ9-764/2019 കത്ത് പ്രകാരം സിവിൽ സപ്ലൈസ് ഡയറക്ടർ സ്പഷ്ടീകരണം പുറപ്പെടുവിച്ചിട്ടുള്ളതാണ്. എന്നാൽ 2022-23 സാമ്പത്തികവർഷത്തെ FTEAOS ലൈസൻസ് രജിസ്റ്റർ പരിശോധിച്ചപ്പോൾ റേഷൻ കടകൾ,മാവേലി സ്റ്റോറുകൾ, കള്ളുഷാപ്പുകൾ എന്നിവ ലൈസൻസ് എടുത്തിട്ടില്ല. റേഷൻ കടകൾ,മാവേലി സ്റ്റോറുകൾ, കള്ളുഷാപ്പുകൾ എന്നിവ ലൈസൻസ് എടുക്കാതെ പ്രവർത്തിക്കുന്നതിന് മറുപടി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (ഓഡിറ്റ് അന്വേഷണം നം.22/27.11.2023) മറുപടി ലഭ്യമാക്കിയിട്ടില്ല. ആയതിനാൽ പഞ്ചായത്ത് പരിധിയിലെ ലൈസൻസ് എടുക്കാൻ ബാധ്യസ്ഥരായ മുഴുവൻ സ്ഥാപനങ്ങളെയും തിട്ടപ്പെടുത്തി ആയവയെകൊണ്ട് ലൈസൻസ് എടുപ്പിച്ച് വിവരം അറിയിക്കേണ്ടതാണ്.

## 1-20 ഫാം ലൈസൻസ് എടുത്തിട്ടില്ല

2012 ലെ കേരള പഞ്ചായത്ത്‌രാജ് (ലൈവ്സ്റ്റോക്ക് ഫാമുകൾക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 3(1) പ്രകാരം താഴെ പറയുന്ന എണ്ണത്തിൽ കൂടുതൽ മൃഗങ്ങളെയോ, പക്ഷികളെയോ വളർത്താൻ ഉദ്ദേശിച്ചുകൊണ്ടുള്ള ഒരു ലൈവ്സ്റ്റോക്ക് ഫാം സ്ഥാപിക്കുന്നതിനോ നടത്തികൊണ്ടുപോകുന്നതിനോ 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 232 പ്രകാരം ഗ്രാമപഞ്ചായത്തിന്റെ ലൈസൻസ് ആവശ്യമാണ്.

(1) കന്നുകാലി ഫാം : 5 മൃഗങ്ങൾ

(2) ആട് ഫാം : 20 മൃഗങ്ങൾ

(3) പന്നി ഫാം : 5 മൃഗങ്ങൾ

(4) മുയൽ ഫാം : 25 മൃഗങ്ങൾ

(5) പൗൾട്രി ഫാം : 100 പക്ഷികൾ

പാവറട്ടി പഞ്ചായത്തിൽ 2022-23 സാമ്പത്തികവർഷം ലൈവ്സ്റ്റോക്ക് ഫാമുകൾ ഒന്നും തന്നെ ലൈസൻസ് എടുത്തിട്ടില്ല.

എന്നാൽ വെറ്ററിനറി സർജൻ നടപ്പിലാക്കിയ കറവപ്പശു കാലിത്തീറ്റ വിതരണം പ്രൊജക്റ്റിന്റെ ഗുണഭോക്താക്കളുടെ അപേക്ഷ പ്രകാരം താഴെ പറയുന്ന ക്ഷീര കർഷകർക്ക് 5 ൽ കൂടുതൽ കറവപ്പശുക്കളുണ്ട്.

1.രത്തൻ.പി.കെ-7 പശുക്കൾ

2.പ്രഭാകരൻ.വി.കെ-6 പശുക്കൾ

ആയത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.23/27.11.2023) മറുപടി നൽകിയിട്ടില്ല. പഞ്ചായത്ത് പരിധിയിൽ മേൽ വിഭാഗത്തിൽ ഉൾപ്പെട്ട മുഴുവൻ ഫാമുകളെകൊണ്ടും ലൈസൻസ് എടുപ്പിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

## 1-21 മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പ്രവൃത്തികൾ - കരാറുകാർക്ക് സിമന്റിനും ക്വാറി മക്കിനും മാർക്കറ്റ് വിലയേക്കാൾ അധിക തുക അനുവദിച്ചു

17.08.2022ലെ മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) മിഷൻ ഡയറക്ടറുടെ കത്തിൽ, ആലപ്പുഴ ഓംബുഡ്സ്മാന്റെ 08.07.2022 തിയതിയിലെ OMB/ALP/AW20/2022 നമ്പർ അവാർഡിന്റെ അടിസ്ഥാനത്തിൽ സിമന്റിന് സെക്യൂർ സോഫ്റ്റ്‌വെയറിൽ ഉൾപ്പെടുത്തിയിരിക്കുന്ന ലോക്കൽ മാർക്കറ്റ് നിരക്ക് നൽകാൻ പാടില്ലെന്നും യഥാർത്ഥ മാർക്കറ്റ് നിരക്കേ നൽകാവൂ എന്നും ഇതിന് കർശന നിർദ്ദേശം ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കു നല്കുകയും, കൂടാതെ ടെണ്ടർ എടുക്കുന്ന കരാറുകാരൻ വിതരണം ചെയ്യുമ്പോൾ നൽകുന്ന GST ബില്ലിൽ നൽകുന്ന ബ്രാന്റിന്റെ പേരും, യൂണിറ്റ് നിരക്ക്, പാക്കറ്റുകളുടെ എണ്ണം എന്നിവ രേഖപ്പെടുത്തണമെന്നും, ഓരോ പ്രവൃത്തിയുടെയും ബിൽ പാസ്സാക്കുമ്പോൾ 2% GST TDS ഈടാക്കിയ ശേഷം മാത്രം ബാക്കി തുക FTO ആയി നല്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുള്ളതാണ്.

2022-23 വർഷം ഗ്രാമപഞ്ചായത്തിൽ ചെയ്ത കോൺക്രീറ്റ് പ്രവൃത്തികളിൽ എൽ.എസ്.ജി.ഡി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളിൽ പ്രൈസ് സോഫ്റ്റ് വെയർ പ്രകാരം രേഖപ്പെടുത്തിയിരിക്കുന്ന ക്വാറി വേസ്റ്റിന് ക്യൂബിക്ക് മീറ്ററിന് ₹1018 രൂപയാണ് (Over Head Charges, Contractors Profit + 18% GST ഉൾപ്പെടെ) കരാറുകാർക്ക് അനുവദിച്ച് നൽകിയിരിക്കുന്നത്. എന്നാൽ MGNREGS പ്രവൃത്തികളിൽ ഈ ഇനത്തിന് ₹1500 എന്ന നിരക്കാണ് അനുവദിച്ച് നല്കിയിട്ടുള്ളത്. സിമന്റിന് എൽ.എസ്.ജി.ഡി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളിൽ പ്രൈസ് സോഫ്റ്റ് വെയർ പ്രകാരം മെട്രിക് ടണ്ണിന് ₹8778 (Over Head Charges, Contractors Profit, Cost Index 35.59%, 18% GST ഉൾപ്പെടെ) നല്കിയപ്പോൾ MGNREGS പ്രവൃത്തികളിൽ ഈ ഇനത്തിന് ₹11520 എന്ന നിരക്കാണ് അനുവദിച്ച് നല്കിയിട്ടുള്ളത്. MGNREGS പ്രവൃത്തികളിലും, എൽ.എസ്.ജി.ഡി. എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ പ്രോജക്ടുകളിൽ ക്വാറിമക്ക്, സിമന്റ് എന്നിവയ്ക്ക് നല്കിയ തുക സംബന്ധിച്ച താരതമ്യം താഴെ ചേർക്കുന്നു.

| ക്രമ നം | പ്രവൃത്തിയുടെ പേര് | മെറ്റീരിയൽ വിതരണം ചെയ്ത കരാറുകാരന്റെ പേര് | FTO നം/ തിയതി | ക്വാറി വേസ്റ്റ് | | | | | സിമന്റ് | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | | അളവ് (M³) | നിരക്ക് (തൊഴിലുറപ്പ്) | അനുവദിച്ച തുക | LSGD നിരക്ക് (₹1018) പ്രകാരം അനുവദിക്കാവുന്ന തുക | അധിക മനുവദിച്ച തുക | അളവ് (ടണ്ണിന്) | നിരക്ക് (തൊഴിലുറപ്പ്) | തുക | LSGD നിരക്ക് (₹8778) പ്രകാരം അനുവദിക്കാവുന്ന തുക | അധിക മനുവദിച്ച തുക |
| 1 | സൌഹൃദ റോഡ് കാന നിർമ്മാണം വാർഡ്-03<br>MB No.229/21-22 | ബിജു.പി.എസ്. പാലുവായിൽ വീട്, പാലുവായ്, ഗുരുവായൂർ | 1) 0121EATPAYREQ 2604202216233/ 6.04.22 തുക: ₹94239<br>2) 0121EATPAYREQ 2604202216242/ 26.04.22 തുക:₹25973<br>3) 0121EATPAYREQ 2604202216241/ 26.04.22 തുക:₹60784<br>4) 0121EATPAYREQ 2604202216240/ 26.04.22 തുക:₹60786<br>5) 0121EATPAYREQ 260420221623939/ 26.04.22 തുക:₹81035<br>6) 0121EATPAYREQ 2604202216235/ 26.04.22 തുക:₹81035 | | | | | | 10.553 | 11520 | 121570.56 | 92634.23 | 28936.32 |
| 2 | വിളക്കാട്ടുപാടം കല്ലൻ തോട് റോഡ് കാന നിർമ്മാണം വാർഡ് നം.3 MB No.230/21-22 | വിൽസൺ. പി.മാത്യൂസ്, പോന്നൂർ ഹൌസ്, പി.ഓ. പാവർട്ടി | 1) 0121EATPAYREQ 280420221697/ 28.04.22 തുക:₹59391<br>2) 0121EATPAYREQ | | | | | | 10.311 | 11520 | 118782.72 | 90509.96 | 28272.76 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | 290420221610/<br>29.04.22<br>തുക:₹59391<br>3)<br>0121EATPAYREQ<br>290420221615/<br>29.04.22<br>തുക:₹26506<br>4)<br>0121EATPAYREQ<br>290420221615/<br>29.04.22<br>തുക:₹74374<br>5)<br>0121EATPAYREQ<br>290420221614/<br>29.04.22<br>തുക:₹74374 | | | | | | | | | | |
| 3 | HMC റോഡ് കോൺക്രീറ്റിംഗ് വാർഡ് 6<br>MB No.214/21-22 | അഭിലാഷ് പി.ജോർജ്ജ്, പുന്നപുഴ വീട്, കിളളിമംഗലം | 1) 0121EATPAYREQ<br>08042022161943<br>/ 6.04.22<br>തുക:₹18868<br>2)<br>0121EATPAYREQ<br>08042022161941/<br>8.04.22<br>തുക:₹68951<br>3)<br>0121EATPAYREQ<br>08042022161937/<br>8.04.22<br>തുക:₹68951<br>4) 0121EATPAYREQ<br>08042022161934<br>/ 8.04.22<br>തുക:₹68951<br>5)<br>0121EATPAYREQ<br>08042022161931/<br>8.04.22<br>തുക:₹60302<br>6)<br>0121EATPAYREQ<br>08042022161926/<br>8.04.22<br>തുക:₹41478<br>7)<br>0121EATPAYREQ<br>08042022161924/<br>8.04.22<br>തുക:₹97850 | 28.058 | 1500 | 42087 | 28563.04 | 13523.95 | 17.956 | 11520 | 206853.12 | 157617.77 | 49235.33 |
| 4 | കേരള റോഡ് നിർമ്മാണം വാർഡ്-4 MB No.212/21-22 | അഭിലാഷ് പി.ജോർജ്ജ്, പുന്നപുഴ വീട്, കിളളിമംഗലം | 1)<br>0121EATPAYREQ<br>0704202216491/<br>7.04.22<br>തുക:₹66816<br>2)<br>0121EATPAYREQ<br>0704202216485/<br>7.04.22<br>തുക:₹66816<br>3)<br>0121EATPAYREQ<br>0704202216482/<br>7.04.22<br>തുക:₹66816<br>4)<br>0121EATPAYREQ<br>0704202216478/<br>7.04.22 | 36.25 | 1500 | 54375.00 | 36902.50 | 17472.50 | 17.40 | 11520 | 200448 | 152737.20 | 47710.80 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | തുക:₹58436<br>5)<br>0121EATPAYREQ<br>0704202216474/<br>7.04.22<br>തുക:₹72317<br>6)<br>0121EATPAYREQ<br>0704202216468/<br>7.04.22<br>തുക:₹94565 | | | | | | | | | | |
| 5 | CMK റോഡ് കാനനിർമ്മാണം വാർഡ്:15 MB No.237/21-22 | അഭിലാഷ് പി.ജോർജ്ജ്, പുന്നപുഴ വീട്, കിള്ളിമംഗലം | 1)<br>0121EATPAYREQ<br>1612202216224/<br>16.12.22<br>തുക:₹78400<br>2)<br>0121EATPAYREQ<br>1612202216223/<br>16.12.22<br>തുക:₹97163<br>3)<br>0121EATPAYREQ<br>1612202216226/<br>16.12.22<br>തുക:₹65609<br>4)<br>0121EATPAYREQ<br>1612202216220/<br>16.12.22<br>തുക:₹96684 | | | | | | 11.10 | 11520 | 127872 | 97435.80 | 30436.20 |
| 6 | വെന്മേനാട് ഇബ്രാഹിം മുസ്ലിയാർ റോഡ് വാർഡ്:13 MB No.235/21-22 | അഭിലാഷ് പി.ജോർജ്ജ്, പുന്നപുഴ വീട്, കിള്ളിമംഗലം | 1)<br>0121EATPAYREQ<br>1312202216139/<br>16.12.22<br>തുക:₹99114<br>2)<br>0121EATPAYREQ<br>1612202216207/<br>16.12.22<br>തുക:₹98572<br>3)<br>0121EATPAYREQ<br>1612202216204/<br>16.12.22<br>തുക:₹64799<br>4)<br>0121EATPAYREQ<br>1612202216206/<br>16.12.22<br>തുക:₹72787 | | | | | | 11.25 | 11520 | 129600.00 | 98752.50 | 30847.50 |
| 7 | മരുതയൂർ കാളാനി റോഡ് കാന നിർമ്മാണം വാർഡ്:1 MB No.227/21-22 | അഭിലാഷ് പി.ജോർജ്ജ്, പുന്നപുഴ വീട്, കിള്ളിമംഗലം | 1)<br>0121EATPAYREQ<br>1512202216493/<br>15.12.22<br>തുക:₹51126<br>2)<br>0121EATPAYREQ<br>1512202216495/<br>15.12.22<br>തുക:₹71089<br>3)<br>0121EATPAYREQ<br>1512202216499/<br>15.12.22<br>തുക:₹64569<br>4)<br>0121EATPAYREQ<br>1512202216500/<br>15.12.22 | | | | | | 11.21 | 11520 | 129139.20 | 98401.38 | 30737.82 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | തുക:₹64569<br>5) 0121EATPAYREQ 1512202216502/ 15.12.22<br>തുക:₹71625<br>6) 0121EATPAYREQ 1512202216497/ 15.12.22<br>തുക:₹35770 | | | | | | | | | | |
| 8 | മനപ്പടി കോളനി റോഡ് നിർമ്മാണം വാർഡ്:5 MB No.213/21-22 | അഭിലാഷ് പി.ജോർജ്ജ്, പുന്നപുഴ വീട്, കിള്ളിമംഗലം | 1) 0121EATPAYREQ 1512202216521/ 15.12.22<br>തുക:₹95410<br>2) 0121EATPAYREQ 1512202216523/ 15.12.22<br>തുക:₹60975<br>3) 0121EATPAYREQ 1512202216524/ 15.12.22<br>തുക:₹65407<br>4) 0121EATPAYREQ 1512202216526 / 15.12.22<br>തുക:₹95410<br>5) 0121EATPAYREQ 1512202216527/ 15.12.22<br>തുക:₹95410/ | 40.65 | 1500 | 60975 | 41381.70 | 19593.30 | 0.99 | 11520 | 11404.80 | 8690.22 | 2714.58 |
| 9 | സെന്റ് ജോസഫ് അവന്യൂ റോഡ് നിർമ്മാണം വാർഡ്:7 MB No.216/21-22 | സി.എസ്.രവീന്ദ്രൻ, ചീരോത്ത്, പി.ഓ.വെങ്കിടങ്ങ്, തൃശ്ശൂർ - 680510 | 1) 0121EATPAYREQ 270720216385/ 15.08.22<br>തുക:₹99875<br>2) 0121EATPAYREQ 0508202216646/ 05.08.22<br>തുക:₹46282<br>3) 0121EATPAYREQ 0508202216657/ 05.08.22<br>തുക:₹68420<br>4) 0121EATPAYREQ 0508202216674/ 05.08.22<br>തുക:₹68419<br>5) 0121EATPAYREQ 0508202216637/ 05.08.22<br>തുക:₹73986<br>6) 0121EATPAYREQ 0508202216667/ 05.08.22<br>തുക:₹68419 | 29.696 | 1500 | 44544.00 | 30230.53 | 14313.47 | 17.8176 | 11520 | 205258.75 | 156402.90 | 48855.85 |
| 10 | എടിഎം - ആസാദ് റോഡ് നിർമ്മാണം വാർഡ്:11 MB No.222/21-22 | അഭിലാഷ് പി.ജോർജ്ജ്, പുന്നപുഴ വീട്, കിള്ളിമംഗലം | 1) 0121EATPAYREQ 0704202216229/ 0704.22<br>തുക:₹94567<br>2) | 36.25 | 1500 | 54375.00 | 36902.50 | 17472.50 | 17.40 | 11520 | 200448.00 | 152737.2 | 47710.80 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | | | 0121EATPAYREQ<br>0704202216230<br>/0704.22<br>തുക:₹72316<br>3) 0121EATPAYREQ<br>0704202216231/<br>07.04.22<br>തുക:₹58419<br>4) 0121EATPAYREQ<br>0704202216234/<br>0704.22<br>തുക:₹64816<br>5) 0121EATPAYREQ<br>0704202216235/<br>0704.22<br>തുക:₹66816<br>6) 0121EATPAYREQ<br>0704202216226/<br>0704.22<br>തുക:₹66816 | | | | | | | | | | |
| 11 | ലിബർട്ടി ഹോട്ടൽ മുതൽ ഏലാന്ത്ര വരെയുള്ള റോഡ് നിർമ്മാണം വാർഡ്:10 MB No.221 /21-22 | അഭിലാഷ് പി.ജോർജ്ജ്, പുന്നപുഴ വീട്, കിള്ളിമംഗലം | 1) 0121EATPAYREQ<br>13042022164547/<br>13.4.22<br>തുക:₹94567<br>2) 0121EATPAYREQ<br>1304202216222<br>/07.4.22<br>തുക:₹58434<br>3) 0121EATPAYREQ<br>1304202216220/<br>07.4.22<br>തുക:₹72316<br>4) 0121EATPAYREQ<br>1304202216225/<br>07.4.22<br>തുക:₹66816<br>5) 0121EATPAYREQ<br>1304202216224/<br>07.4.22<br>തുക:₹66816<br>6) 0121EATPAYREQ<br>1304202216219/<br>07.4.22<br>തുക:₹66816 | 36.25 | 1500 | 54375 | 36902.50 | 17472.50 | 17.40 | 11520 | 200448 | 152737.20 | 47710.80 |
| 12 | ആസാദ് റോഡ് മുതൽ കണ്ടുകടവ് പാലം വരെയുള്ള റോഡ് നിർമ്മാണം വാർഡ്:12 MB No.223 /21-22 | അഭിലാഷ് പി.ജോർജ്ജ്, പുന്നപുഴ വീട്, കിള്ളിമംഗലം | 1) 0121EATPAYREQ<br>0704202216246/<br>07.4.22<br>തുക:₹64144<br>2) 0121EATPAYREQ<br>0704202216249/<br>07.4.22<br>തുക:₹64144<br>3) 0121EATPAYREQ<br>0704202216253/<br>07.4.22<br>തുക:₹64144<br>4) 0121EATPAYREQ<br>0704202216265/<br>07.4.22<br>തുക:₹56098<br>5) 0121EATPAYREQ<br>0704202216262/<br>07.4.22<br>തുക:₹82688<br>6) 0121EATPAYREQ<br>0704202216258/<br>07.4.22<br>തുക:₹90570 | 43.50 | 1500 | 65250.00 | 44283 | 20967 | 16.704 | 11520 | 192430.08 | 146627.71 | 45802.37 |
| 13 | അസർ സെന്ററിന്ന | അഭിലാഷ് പി.ജോർജ്ജ്, | 1)<br>0121EATPAYREQ | 34.71 | 1500 | 52065.00 | 35334.78 | 16730.22 | 17.53 | 11520 | 201945.60 | 153878.34 | 48067.26 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| | സമീപമുള്ള റോഡ് നിർമ്മാണം വാർഡ്:14 MB No.226 /21-22 | പുന്നപുഴ വീട്, കിള്ളിമംഗലം | 1612202216191/ 16.12.22 തുക:₹58898<br>2) 0121EATPAYREQ 1612202216187/ 16.12.22 തുക:₹85345<br>3) 0121EATPAYREQ 1612202216178/ 16.12.22 തുക:₹81034<br>4) 0121EATPAYREQ 1612202216176/ 16.12.22 തുക:₹67316<br>5) 0121EATPAYREQ 1612202216175/ 16.12.22 തുക:₹67316<br>6) 0121EATPAYREQ 1612202216174/ 16.12.22 തുക:₹67316 | | | | | | | | | | |
| 14 | കോന്നൻ ബസാർ മുതൽ പുഴ വരെയുള്ള റോഡ് കാന നിർമ്മാണം വാർഡ്:11 MB No.223 /21-22 | അഭിലാഷ് പി.ജോർജ്ജ്, പുന്നപുഴ വീട്, കിള്ളിമംഗലം | 1) 0121EATPAYREQ 1612202216117/ 16.12.22 തുക:₹77202<br>2) 0121EATPAYREQ 1612202216115/ 16.12.22 തുക: ₹61975<br>3) 0121EATPAYREQ 1612202216108/ 16.12.22 തുക:₹14887<br>4) 0121EATPAYREQ 1612202216109/ 16.12.22 തുക:₹61977<br>5) 0121EATPAYREQ 1612202216111/ 16.12.22 തുക:₹99194 | | | | | | 10.76 | 11520 | 123955.20 | 94451.28 | 29503.92 |
| 15 | പെരിങ്ങാട് പ്രദേശത്തെ ഹെവൻ ലൈൻ റോഡ് നിർമ്മാണം വാർഡ്:7 MB No.215/21-22 | സി.എസ്.രവീന്ദ്രൻ, ചീരോത്ത്, പി.ഓ.വെങ്കിടങ്ങ്, തൃശ്ശൂർ - 680510 | 1) 0121EATPAYREQ 1908202216525/ 19.08.22 തുക:₹69696<br>2) 0121EATPAYREQ 1908202216542/ 19.08.22 തുക:₹77912<br>3) 0121EATPAYREQ 1908202216544/ 19.08.22 തുക:₹3112<br>4) 0121EATPAYREQ 1908202216559/ 19.08.22 തുക:₹48980<br>5) 0121EATPAYREQ 1908202216548/ 19.08.22 തുക:₹48978<br>6) 0121EATPAYREQ 1908202216554/ 19.08.22 തുക:₹48978 | 21.315 | 1500 | 31972.50 | 21698.67 | 10273.83 | 12.755 | 11520 | 146937.60 | 111963.39 | 34974.21 |

| | | | | | | | | | | | | | |
|---|---|---|---|---|---|---|---|---|---|---|---|---|---|
| 16 | കാശ്മീർ റോഡ് മുതൽ കൈരളി റോഡ് വരെയുള്ള കാനനിർമ്മാണം. വാർഡ്:2 MB No.228/21-22 | അഭിലാഷ് പി.ജോർജ്ജ്, പുന്നപുഴ വീട്, കിള്ളിമംഗലം | 1) 0121EATPAYREQ 1512202216505/ 15.12.22 തുക:₹75776<br>2) 0121EATPAYREQ 1512202216507/ 15.12.22 തുക:₹75341<br>3) 0121EATPAYREQ 1512202216509/ 15.12.22 തുക:₹18915<br>4) 0121EATPAYREQ 1512202216510/ 15.12.22 തുക:₹51494<br>5) 0121EATPAYREQ 1512202216511/ 15.12.22 തുക:₹64167<br>6) 0121EATPAYREQ 1512202216512/ 15.12.22 തുക:₹64167 | | | | | | 11.140 | 11520 | 128332.80 | 97786.92 | 30545.88 |

മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) മിഷൻ ഡയറക്ടറുടെ മേൽ പരാമർശിച്ച കത്തിലെ നിർദ്ദേശം ഗ്രാമപഞ്ചായത്തിൽ പാലിച്ചിട്ടില്ലാത്തതാണ്. മേൽ പട്ടികപ്പെടുത്തിയ പ്രവൃത്തികൾ 2½ ലക്ഷം രൂപയ്ക്ക് മേൽ വരുന്ന തുകകൾക്ക് വിതരണക്കാരിൽ നിന്നും 2% GST TDS ഈടാക്കിട്ടില്ലാത്തതാണ്. മിഷൻ ഡയറക്ടറുടെ കത്തിനുശേഷം FTO തയ്യാറാക്കിയ പ്രവൃത്തികളിലും നിർദ്ദേശത്തിനു വിരുദ്ധമായി സിമന്റിന് മാർക്കറ്റ് വിലയേക്കാൾ അധിക തുക അനുവദിച്ച് നല്കിയിട്ടുള്ളതുമാണ്.

മേൽ പട്ടികപ്പെടുത്തിയ പ്രകാരം ഒരേ സ്ഥാപനത്തിൽ നിന്നും ഒരേ സാധനം വിതരണം ചെയ്തതിന് വ്യത്യസ്ത നിരക്ക് അനുവദിച്ചുനല്കുന്നത് നീതികരിക്കാനാവാത്തതാണ്. ഈ കാര്യത്തിൽ ഭരണ സമിതിയുടെ അടിയന്തര ശ്രദ്ധ ക്ഷണിക്കുന്നു. സോഫ്റ്റ്‌വെയറിയിലെ അപാകതകൾ ബന്ധപ്പെട്ട അധികാരികളെ ബോദ്ധ്യപ്പെടുത്തി തിരുത്തുന്നതിനുള്ള നടപടികൾ കൈകൊള്ളേണ്ടതാണ്. മേൽ പട്ടികപ്പെടുത്തിയ പ്രവൃത്തികൾ ഗ്രാമപഞ്ചായത്തിന്റെ റോഡ് ആസ്തി രജിസ്റ്ററിൽ ഉൾപ്പെടുത്തേണ്ടതാണ്.

(ഓഡിറ്റ് എൻക്വയറി നം.13/25.11.23)

## 1-22 മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി - സാധന സമഗ്രികളുടെ വിതരണകരാർ അപാകതകൾ

26.07.21 ലെ മഹാത്മാഗാന്ധി ദേശിയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (കേരളം) മിഷൻ ഡയറക്ടറുടെ 957/ഇ.ജി.എസ്.സി./16/ആർ.ഇ.എസ്. നമ്പർ മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സാധന സാമഗ്രികൾ വിനിയോഗിച്ച് ഏറ്റെടുക്കുന്ന പ്രവൃത്തികളുടെ തുകകൾ അനുവദിക്കുന്നതിനും ഫയലുകളും രേഖകളും സൂക്ഷിക്കുന്നതിനും വിതരണക്കാരെ തെരഞ്ഞെടുക്കുന്നതിനും അനുവർത്തിക്കേണ്ട നടപടികൾ സംബന്ധിച്ച സർക്കുലർ, ഖണ്ഡിക 1 ൽ ടെണ്ടർ വാങ്ങൽ നടപടികൾ പൂർത്തീകരിക്കുന്ന മുറയ്ക്ക്, ഓരോ പ്രവൃത്തിക്കും സാധനങ്ങൾ വിതരണം ചെയ്യുന്ന വിതരണക്കാരന്റെ വിവരങ്ങൾ അതാത് ഫയലിൽ സൂക്ഷിക്കേണ്ടതാണെന്നും, ഖണ്ഡിക 2 ൽ വിതരണക്കാരന്റെ പേര്, തിരിച്ചറിയൽ രേഖകൾ അതായത്, വോട്ടർ തിരിച്ചറിയൽ കാർഡ്, റേഷൻ കാർഡ്, പാൻ, ടാൻ വിവരങ്ങൾ, ബാങ്ക് അക്കൗണ്ടുമായി ബന്ധപ്പെട്ട വിവരങ്ങൾ മുതലായവ സൂക്ഷിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ പരിശോധനയ്ക്കായി ഹാജരാക്കിയ ഫയലിൽ ഇപ്രകാരമുള്ള രേഖകളൊന്നും തന്നെ സൂക്ഷിച്ചിട്ടില്ലാത്തതാണ്. ടെണ്ടർ ഫോം, സെക്രട്ടറിയുമായി ചമച്ച കരാർ എന്നിവ മാത്രമാണ് പരിശോധനയ്ക്ക് ഹാജരാക്കിയ ഫയലിൽ സൂക്ഷിച്ചിരിക്കുന്നത്.

